# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 9/1735/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/01/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 9/1735/2021 തീയ്യതി: 18/01/2022

## തിരുവനന്തപുരം ജില്ലയിലെ പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 58 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2021 | 22-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 22-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രവീൺ.എൻ.ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശാലിനി.വി.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മെർലിൻ ജേക്കബ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിന്ധു.എസ്. | പ്രസിഡന്റ് | 01-04-2019 | 18-11-2019 |
| ശ്രീമതി ലാലി.പി. | പ്രസിഡന്റ് | 19-11-2019 | 31-03-2020 |
| ശ്രീമതി ലതിക.ഡി.എസ്. | സെക്രട്ടറി | 01-04-2019 | 28-05-2019 |
| ശ്രീമതി കനകമണി.ബി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-05-2019 | 16-07-2019 |
| ശ്രീ. സന്തോഷ് കുമാർ.ജെ.എസ്. | സെക്രട്ടറി | 17-07-2019 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി കനകമണി.ബി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി സബിത.എസ്.ആർ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷീജ.എം.പി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.ഷീജ അഷറഫ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 23-11-2019 |
| ഡോ.അശ്വതി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 23-11-2019 | 31-03-2020 |
| ശ്രീ. സുജിത്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശശികല.എം.എസ്. | എച്ച്.എം. | 01-04-2019 | 31-03-2020 |
| ദീപ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| സുജാതകുമാരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.സുരേഷ് | വെറ്ററിനറി സർജൻ | 01-04-2019 | 27-02-2020 |
| ഡോ.ബി.ജയചന്ദ്രൻ | വെറ്ററിനറി സർജൻ | 28-02-2020 | 31-03-2021 |
| ശ്രീമതി രശ്മി.എസ്.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2019 | 20-05-2019 |
| ശ്രീമതി സെമ്മി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 21-05-2019 | 31-07-2019 |
| ശ്രീമതി രശ്മി.എസ്.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-08-2019 | 03-09-2019 |
| ശ്രീമതി സെമ്മി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 04-09-2019 | 07-11-2019 |
| ശ്രീമതി ഷഫ്ന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 08-11-2019 | 15-11-2019 |
| ശ്രീ. നിഹാദ്.എ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 16-11-2019 | 31-03-2020 |
| ശ്രീമതി രശ്മി.എസ്.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2019 | 28-08-2019 |
| ശ്രീമതി ഷഫ്ന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 29-08-2019 | 15-11-2019 |
| ശ്രീ.ബിനു.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 16-11-2019 | 25-12-2019 |
| ശ്രീമതി സെമ്മി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 26-12-2019 | 31-03-2020 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങൾ<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: K Sreeja (Deputy Director, On 18-01-2022) | 1-1-1 |
| 3 | തയ്യാറാക്കിയ ബജറ്റിനു അനുസൃതമായി തുകകൾ ചെലവഴിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-2 |
| 5 | തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-2-1 |
| 6 | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് - സുലേഖ ചെലവു പത്രിക, എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-2-2 |
| 7 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂറായി നൽകിയ തുകയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-2-3 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-4 |
| 10 | പ്രത്യേക പദ്ധതികൾ/മേഖലകൾ -ക്ക് വകയിരുത്തിയ തുകകൾക്ക് അനുസൃതമായി ചെലവഴിച്ചിട്ടില്ല<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-4-1 |
| 11 | ഫണ്ടുകളിൽ വലിയ ശതമാനം തുക ലാപ്സായിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-4-2 |
| 12 | പദ്ധതി അവലോകനം<br>Written By: Praveen N.G (Asst. Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-6 |
| 14 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 24-10-2021) | 1-7 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 18-12-2021) | |
| 15 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-7-1 |
| 16 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം<br>Written By: Praveen N.G (Asst. Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-7-2 |
| 17 | ക്യാഷ് ബാലൻസ്<br>Written By: Praveen N.G (Asst. Audit Officer, On 17-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Sabu G (Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-10 |
| 20 | രസീതു പരിശോധനയിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-11 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-12 |
| 22 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-13 |
| 23 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-14 |
| 24 | പഞ്ചായത്ത് ഗ്രൗണ്ട്, ബസ് സ്റ്റാന്റ് ഗ്രൗണ്ട്, പഞ്ചായത്ത് സ്റ്റേഡിയം എന്നിവയുടെ വാടക- രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-15 |
| 25 | അനധികൃത കെട്ടിടനിർമ്മാണം നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-16 |
| 26 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് -രശീതുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-17 |
| 27 | വരവിനങ്ങളുടെ പിരിവ്- കുടുംബശ്രീയൂണിറ്റിനെ ഏൽപ്പിച്ചതിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-18 |
| 28 | ലൈസൻസില്ലാതെ പൊതു കശാപ്പശാല പ്രവർത്തിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 22-10-2021) | 1-19 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 18-12-2021) | |
| 29 | ഓഡിറ്റോറിയം, ഹാൾ വാടക- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-20 |
| 30 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Sabu G (Audit Officer, On 24-10-2021) | 1-21 |
| 31 | നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-22 |
| 32 | വസ്തുനികുതിനിർണ്ണയം- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-23 |
| 33 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയില്ല<br>Written By: Sabu G (Audit Officer, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-24 |
| 34 | ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ- കിലെയിൽ നിന്ന് തുക പൂർണ്ണമായും റീക്കുപ്പ് ചെയ്തില്ല<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-25 |
| 35 | ജീവനക്കാരുടെ എസ്.എൽ.ഐ വിഹിതം തുക കുറവായി ഈടാക്കിയിരിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-26 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Lekha.M.L (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-27 |
| 37 | എ ബി സി പ്രോഗ്രാം - അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക-315000/-തടസ്സപ്പെടുത്തുന്നു<br>Written By: Lekha.M.L (Senior Grade Auditor, On 22-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-28 |
| 38 | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ പദ്ധതി- കരാറിൽ ഏർപ്പെടാതെ കെ.എസ്.ഇ.ബിയ്ക്ക് മുൻകൂർ തുക നൽകി.<br>Written By: Praveen N.G (Asst. Audit Officer, On 17-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-29 |
| 39 | വാട്ടർ അതോറിറ്റി - ഡിപ്പോസിറ്റ് പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Praveen N.G (Asst. Audit Officer, On 17-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-30 |
| 40 | എൽ പി, യു പി - എസ് സി കുട്ടികൾക്ക് പഠനവീട് പദ്ധതി (2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-59 തുടർച്ച )<br>Written By: Praveen N.G (Asst. Audit Officer, On 17-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-31 |
| 41 | കെ എസ് റ്റി പി കൈമാറിയ തെരുവുവിളക്കുകളുടെ മെയിന്റനൻസ് പദ്ധതി- നടപടി ക്രമങ്ങൾ പാലിച്ചില്ല.<br>Written By: Praveen N.G (Asst. Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-32 |

| | | |
|---|---|---|
| 42 | തെരുവുവിളക്കുകളുടെ മെയിന്റനൻസും സാധനം വാങ്ങലും പദ്ധതി-പദ്ധതി നടത്തിപ്പിൽ അപാകതകൾ<br>Written By: Praveen N.G (Asst. Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-33 |
| 43 | ലൈഫ് ഭവന പദ്ധതി അവലോകനം<br>Written By: Praveen N.G (Asst. Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-34 |
| 44 | വീട് വാസയോഗ്യമാക്കൽ പദ്ധതി - നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം<br>Written By: Praveen N.G (Asst. Audit Officer, On 21-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-35 |
| 45 | തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം- പദ്ധതി ഉപേക്ഷിച്ച നിലയിൽ- ചെലവുതുക 3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sabu G (Audit Officer, On 31-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-36 |
| 46 | റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Sabu G (Audit Officer, On 31-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-37 |
| 47 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-38 |
| 48 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-39 |
| 49 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-40 |
| 50 | ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-41 |
| 51 | ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-42 |
| 52 | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൽ പാലിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-43 |
| 53 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-3 |
| 4 | വായ്പ/വായപാ തിരിച്ചടവ്<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-6 |
| 7 | സമാഹത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 01-11-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sabu G (Audit Officer, On 19-10-2021)<br>Last Updated By: Biji T (Computer Assistant, On 18-12-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

11.02.2020ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 8(1) പ്രകാരം 30552232/- രൂപ മുന്നിരിപ്പ് ഉൾപ്പെടെ 276809890/- രൂപ വരവും 244085263/- രൂപ ചെലവും 32724627/- രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് നടപടിക്രമങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 48/18.10.2021) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം | വിവരണം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടി സ്വീകരിച്ച സമയക്രമം |
|---|---|---|---|
| 1 | നോൺ-പ്ലാൻ വരവ്-ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിംസബർ 15 ന് മുൻപ് | 20/12/2018 |
| 2 | നോൺ-പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15 ന് മുൻപ് | 28/01/2019 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25 ന് മുൻപ് | 04/02/2019 |
| 4 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കലും ക്രോഡീകരണവും | ഫെബ്രുവരി 1 ന് മുൻപ് | 07/02/2019 |

| | | | |
|---|---|---|---|
| 5 | ബജറ്റ് വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | 30/11/2018 |
| 6 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് നിർമ്മാണം | മാർച്ച് 1 ന് മുൻപ് | 07/02/2019 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിന് പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 12/02/2019 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 15/02/2019 |

നടപടിക്രമങ്ങളിൽ സമയക്രമം പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 തയ്യാറാക്കിയ ബജറ്റിനു അനുസൃതമായി തുകകൾ ചെലവഴിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്.

2019-2020 സാമ്പത്തിക വർഷത്തെ പരിശോധനയ്ക്ക് ലഭ്യമാക്കിയ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ ചെലവഴിച്ചതായും വകയിരുത്തിയ തുക ചെലവഴിക്കാതെയും വകയിരുത്താതെ ചെലവഴിച്ചതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 2501001 | 650000/- | 430343/- |
| 2 | കൃഷിയും അനുബന്ധ മേഖലകളും - മറ്റ് വിളകൾ | 2501002 | 1500000/- | 971190/- |
| 3 | കൃഷിയും അനുബന്ധ മേഖലകളും - തെങ്ങ് കൃഷി | 2501009 | 358390/- | 8000/- |
| 4 | കൃഷിയും അനുബന്ധ മേഖലകളും - പച്ചക്കറി | 2501011 | 731540/- | 47700/- |
| 5 | കൃഷിയും അനുബന്ധ മേഖലകളും - വാഴ | 2501012 | 401875/- | 0/- |
| 6 | കൃഷിയും അനുബന്ധ മേഖലകളും - കുരുമുളക് | 2501019 | 282500/- | 0/- |
| 7 | കൃഷിയും അനുബന്ധ മേഖലകളും - അനുബന്ധമേഖലകൾ | 2501026 | 100000/- | 7200/- |
| 8 | മൃഗസംരക്ഷണം- പശു വളർത്തൽ | 2501031 | 1440000/- | 0/- |
| 9 | മൃഗസംരക്ഷണം - പശ്ചാത്തലസൗകര്യങ്ങൾ | 2501039 | 200000/- | 99499/- |
| 10 | ക്ഷീര വികസനം- സംഭരണവും വിപണനവും | 2501046 | 800000/- | 651775/- |
| 11 | മണ്ണ് ജല സംരക്ഷണം | 2502001 | 500000/- | 0/- |
| 12 | ജല സംരക്ഷണം | 2502006 | 300000/- | 0/- |

| | | | | |
|---|---|---|---|---|
| 13 | ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | 2503001 | 300000/- | 0/- |
| 14 | ബയോഗ്യാസ് പ്ലാന്റ് | 2505005 | 400000/- | 126000/- |
| 15 | സ്പോർട്സ് | 2511007 | 0/- | 65815/- |
| 16 | യുവജനക്ഷേമം | 2511008 | 200000/- | 0/- |
| 17 | അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 2511011 | 100000/- | 19950/- |
| 18 | മരുന്നുകൾ | 2512004 | 1000000/- | 1020000/- |
| 19 | മറ്റ് ആരോഗ്യ പദ്ധതികൾ | 2512007 | 0/- | 64000/- |
| 20 | കുടിവെള്ളം | 2512008 | 312000/- | 0/- |
| 21 | പൊതുകുടിവെള്ള വിതരണം | 2512025 | 500000/- | 0/- |
| 22 | വൃദ്ധക്ഷേമ പരിപാടികൾ | 2513005 | 1437300/- | 7200/- |
| 23 | കലുങ്കുകളും ചപ്പാത്തുകളും | 2522004 | 1200000/- | 0/- |
| 24 | ട്രാക്ടർ റാമ്പ് | 2523104 | 500000/- | 0/- |

മേൽ വ്യത്യാസത്തിനുള്ള വിശദീകരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 49/18.10.2021) മറുപടിയായി പദ്ധതി രൂപീകരിക്കുന്ന സമയത്ത് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ സുലേഖ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന ഹെഡും ചെലവ് രേഖപ്പെടുത്തുന്ന സാംഖ്യ ഹെഡും തമ്മിൽ വ്യത്യാസം വരുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നതെന്നും 2019-2020 വർഷത്തെ ബജറ്റ് അവസാനമായി റിവൈസ് ചെയ്തതിനു ശേഷം വെബ് സാംഖ്യ വഴി നേരിട്ട് ചെലവ് വന്ന തുകകളിലാണ് ഈ അപാകത സംഭവിച്ചിട്ടുള്ളതെന്നും മറുപടി നൽകി.

പ്രസ്തുത അപാകത സംഭവിച്ചതു പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായ അശ്രദ്ധ മൂലമാണ്. വരുംവർഷങ്ങളിൽ മേൽ അപാകത സംഭവിക്കാതിരിക്കുവാൻ നിർവഹണോദ്യോഗസ്ഥർക്ക് മതിയായ നിർദ്ദേശം നൽകേണ്ടതും അപാകത ഒഴിവാക്കുന്നതിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 17.6.2020 | - | - |

1-2-1 തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു

1. 2018-2019, 2019-2020 വർഷത്തെ AFS പരിശോധിച്ചതിൽ താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

| ക്രമ നമ്പർ | എ എഫ് എസ് ഹെഡ് കോഡ് | 2018-2019 വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-2020വർഷത്തെ ബാലൻഷിറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320300103 | 59030/- | 59030/- |
| 2 | 320400199 | 7000/- | 7000/- |
| 3 | 320700404 | 245038/- | 245038/- |
| 4 | 320700405 | 31026/- | 31026/- |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണമായി (ഓഡിറ്റ് എൻക്വയറി നമ്പർ - 37/16.10.2021) ക്രമ നമ്പർ 1 പ്രകാരമുള്ള തുക പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ചെലവഴിക്കുന്നതാണെന്നു മറുപടി നൽകി.

ക്രമ നമ്പർ 2 പ്രകാരമുള്ള തുക 16/08/2018 ന റസീപ്റ്റ് ചെയ്തതാണെന്നും എന്നാൽ തുക ഏതു ഇനത്തിൽ ലഭിച്ചതാണെന്നു അക്കൗണ്ട് ചെയ്ത ബാങ്കുമായി ബന്ധപ്പെട്ടിട്ടും അറിയാൻ സാധിച്ചിട്ടില്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ചെലവഴിക്കുന്നതാണെന്നും മറുപടി നൽകി. പ്രസ്തുത തുക ഏതു ഇനത്തിൽ ലഭ്യമായതാണെന്നു ഉടനെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ 3,4 എന്നിവ 2017-2018 വർഷം യഥാക്രമം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതമായി ബാലൻസ് ഉണ്ടായിരുന്ന തുകയിൽ Redumption Amount ആയി സർക്കാർ പിൻവലിക്കുകയും 2018-2019 വർഷം തിരികെ നൽകുകയും ചെയ്ത തുകയാണെന്നും അടുത്ത വർഷം പ്രസ്തുത പ്രോജക്ടുകൾ സ്പിൽഓവർ ആി ഏറ്റെടുക്കാത്തതിനാലാണ് ടി തുകകൾ അവശേഷിക്കുന്നതെന്നും മറുപടി നൽകി.

2. ലഭ്യമാക്കിയ 2019-2020 സാമ്പത്തിക വർഷത്തെ എ എഫ് എസ് ബി4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന തുകകൾ നീക്കിയിരിപ്പായി കാണുന്നു.

| ക്രമ നമ്പർ | എ എഫ് എസ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|---|

| | കോഡ് നമ്പർ | | |
|---|---|---|---|
| 1 | 320800101 | ബെനഫിഷറി കോൺട്രിബ്യൂഷൻസ് | 370169/- |
| 2 | 320800299 | ഡൊണേഷൻസ് ട്ട ഫ്ലസ്റ്റ് | 2226/- |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/18.10.2021) ഗുണഭോക്തൃവിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള തുക വിവിധ പദ്ധതികൾക്കായി ഒടുക്കിയവയാണെന്നും ടി പദ്ധതികൾ പ്രകാരം തുകകൾ ചെലവഴിക്കാത്തതിനാലാണ് അവശേഷിക്കുന്നതെന്നും മറുപടി നൽകി.

ബെനഫിഷറി കോൺട്രിബ്യൂഷൻസ് ഇനത്തിൽ സാമ്പത്തിക വർഷം ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുകകൾ, കൃഷി ഓഫീസർ നിർവ്വഹിച്ച തെങ്ങ് വികസനം (100/20), ഹരിത ഭവനം (101/20), പച്ചക്കറി വികസനം(114/20) എന്നീ പദ്ധതികൾ പ്രകാരം ലഭ്യമായ തുകയും കൂടാതെ മുന്നിരിപ്പ തുകയും ചേർന്നതാണ്.

പ്രസ്തുത തുകകൾ ഉടനെ ചെലവഴിക്കുന്നതിനു നടപടികൾ ഉടനെ സ്വീകരിക്കേണ്ടതാണ്.

ലഭ്യമായ ഫണ്ടുകൾ അതാതു വർഷം തന്നെ പദ്ധതികൾ ആവിഷ്കരിച്ച് വിനിയോഗിക്കുന്നതിൽ നിർവ്വഹണോദ്യഗസ്ഥരും വിവിധ കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2-2 ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് - സുലേഖ ചെലവ് പത്രിക, എ എഫ് എസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ എ എഫ് എസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 528132/- | 1916125/- | 2444257/- | 1876900/- | 567357/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1297394/- | 460625/- | 1758019/- | 1686993/- *1 | 71026/- |

*1) ലഭ്യമാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് 703743/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/18.10.2021) സുലേഖ പ്രകാരം കുറവ് വന്നിട്ടുള്ള തുക മുൻ വർഷം

ലൈഫ് ഭവനപദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച SCP, TSP ഫണ്ടുകളിൽ ചെലവഴിക്കാതെ മിച്ചമായ തുക ROP ഹെഡ്ഡിൽ തിരികെ ഒടുക്കിയതാണെന്നും ആയതു പദ്ധതി ചെലവായി വരാത്തതിനാലാണ് വ്യത്യാസം കാണപ്പെടുന്നതെന്നും മറുപടി നൽകി. പ്രസ്തുത തുകകൾ സംബന്ധിച്ച അക്കൗണ്ടിങ് ക്രമപ്പെടുത്തി അറിയിക്കേണ്ടതാണ്.

### 1-2-3 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂറായി നൽകിയ തുകയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

22/06/2019 -ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് തീരുമാനം II(2) പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിനു 10000/- രൂപ വീതം (10000 X 17) 170000/- രൂപ പി എച്ച് സി മെഡിക്കൽ ഓഫീസർക്ക് തനതു ഫണ്ടിൽ നിന്നും നൽകുന്നതിനു തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത തുക ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതിനു ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത തുക 31/05/2019 -നു 21900226 വൗച്ചർ നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

പ്രസ്തുത തുക നൽകിയതിന്റെയും തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെയും വിവരങ്ങൾ പരിശോധനയ്ക്ക് ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 50/18.10.2021) 2020-2021 വർഷമാണ് തുക ലഭിച്ചപ്പോൾ ക്രമീകരികരിച്ചതെന്നു മറുപടി നൽകി.

എന്നാൽ പ്രസ്തുത ചെലവ് സംബന്ധിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയതിൽ 13,15 എന്നീ വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള ചെലവുരേഖകൾ ലഭ്യമാക്കിയില്ല. ഇപ്രകാരം ആകെ 20000/-(10000 X 2) രൂപയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15721224.04/- |
| വരവ് | 69343395/- |
| ആകെ | 85064619.04/- |
| ചെലവ് | 69414646/- |
| നീക്കിയിരിപ്പ് | 15649973.04/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 14550551/- | 14550551/- | 11711446/- *1 | 2839105/- |
| വികസന ഫണ്ട്- SCP | 0 | 13066235/- | 13066235/- | 7177522/- *2 | 5888713/- *4 |
| വികസന ഫണ്ട്- TSP | 0 | 257000/- | 257000/- | 11100/- | 245900/- *5 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ്(Untied) | 0 | 12027965/- | 12027965/- | 8179685/- | 3848280/- |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 0 | 4734000/- | 4734000/- | 3389586/- | 1344414/- |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 5798000/- | 5798000/- | 1641775/- | 4156225/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 1828359/- | -1828359/- *3 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 4156882/- | -4156882/- *3 |

*1. ലഭ്യമാക്കിയ എ സി ആർ പ്രകാരം ഡവലപ്പ്മെന്റ് - ജനറൽ ചെലവ് 10529997/- രൂപയാണ്. തുകകൾ ഗ്രാന്റ് വിനിയോഗ പത്രവുമായി പൊരുത്തപ്പെടുന്നില്ല.

*2. ലഭ്യമാക്കിയ എ സി ആർ പ്രകാരം ഡവലപ്പ്മെന്റ് - SCP ചെലവ് 7015757/- രൂപയാണ്. തുക ഗ്രാന്റ് വിനിയോഗ പത്രവുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ *1, *2 (ഓഡിറ്റ് എൻക്വയറി നമ്പർ - 37/16.10.2021) എന്നിവയ്ക്ക് പ്രസ്തുത വ്യത്യാസം ജി.ഒ പ്രോജക്ടുകളുടെയാണെന്ന മറുപടി നൽകി.

*3. കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നു.

അപാകതയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ - 37/16.10.2021) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവ തനതുഫണ്ടിലേക്ക് നേരിട്ടാണ് ലഭിക്കുന്നതെന്നും ലോക്കൽ സാംഖ്യ വഴി സുലേഖയിൽ ചെലവ് രേഖപ്പെടുത്താറാണുള്ളതെന്നും ആയതിനാലാണ് ടി ഫണ്ടുകളിൽ നീക്കിയിരിപ്പ് നെഗറ്റീവായി കാണുന്നതെന്ന മറുപടി നൽകി.

*4. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(1) പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല എന്നിരിക്കെ ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കാതെ പാഴാക്കിയിരിക്കുന്നു.

*5. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2(1) പ്രകാരം പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല എന്നിരിക്കെ ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കാതെ പാഴാക്കിയിരിക്കുന്നു.

അപാകതകൾക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ - 37/16.10.2021) പ്രതികൂല കാലാവസ്ഥ, കോവിഡ് 19 വ്യാപനം എന്നിവ മൂലം പ്രവർത്തികൾ ഭാഗികമായി മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന മറുപടി നൽകി.

ലഭ്യമായ ഫണ്ടിൽ വലിയ തുക ചെലവഴിക്കാതെ നഷ്ടമായിരിക്കുന്നു. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4-1 പ്രത്യേക പദ്ധതികൾ/മേഖലകൾ -ക്ക് വകയിരുത്തിയ തുകകൾക്ക് അനുസൃതമായി ചെലവഴിച്ചിട്ടില്ല

സാമ്പത്തിക വർഷം വിവിധ പദ്ധതികൾ/മേഖലകൾ -ക്ക് വകയിരുത്തിയ തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| മേഖല | സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| | | വകയിരുത്തിയ തുക | ചെലവഴിച്ച തുക(ശതമാനം) |
| ഉല്പാദനം | 5.4.1(3) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും കുറഞ്ഞത് 30% എങ്കിലും ഉല്പാദന മേഖലയ്ക്ക് വകയിരുത്തണം | 3946753/ | 3156233/- (79.97%) |
| മാലിന്യ സംസ്കരണം, ജല സംരക്ഷണം | 5.4.1(4) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും കുറഞ്ഞത് 10% എങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതമിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം | 771739/- | 100000/- (12.95%) |
| വനിതാഘടക പദ്ധതി | 5.4.1(10) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി,റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10% വനിതാ ഘടകപദ്ധതിക്ക് വകയിരുത്തണം | 2780500/- | 2249500/- (80.90%) |
| കുട്ടികൾ,ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് | 5.4.1(11) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി,റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% കുട്ടികൾ,ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനു വകയിരുത്തണം | 1404729/- | 1132624/- (80.63%) |
| വയോജനങ്ങളുടെ | 5.4.1(11) | 1337310/- | 807856/- |

| | | | |
|---|---|---|---|
| ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണം | പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി,റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം | | (60.41%) |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക (നമ്പർ - 37/16.10.2021) മറുപടിയായി പ്രതികൂല കാലാവസ്ഥ, കോവിഡ് 19 വ്യാപനം എന്നിവ മൂലം പ്രവർത്തികൾ ഭാഗികമായി മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും പട്ടിക വർഗ്ഗ വിഭാഗത്തിൽ വകയിരുത്തിയിരുന്ന കറവപ്പശു വളർത്തൽ പദ്ധതിയ്ക്ക് അപേക്ഷകരില്ലാത്തതിനാലാണ് പട്ടിക വർഗ്ഗ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിയാഞ്ഞതെന്നും മറുപടി നൽകി.

എന്നാൽ പ്രസ്തുത മറുപടി പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല. പട്ടിക വർഗ്ഗ വിഭാഗത്തിൽ വകയിരുത്തിയിരുന്ന കറവപ്പശു വളർത്തൽ പദ്ധതിയ്ക്ക് അപേക്ഷകർ ഇല്ലാതിരുന്നതു പദ്ധതി തിരെഞ്ഞെടുപ്പിലെ അപാകത മൂലമാണ്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഫണ്ട് വകയിരുത്തൽ മാത്രം ലക്ഷ്യം വയ്ക്കാതെ പ്രസ്തുത പദ്ധതികളുടെ ആവിശ്യകതയും ഫലപ്രാപ്തിയും കൂടി കണക്കിലെടുക്കേണ്ടതാണ്.

പദ്ധതികളുടെ തിരെഞ്ഞെടുപ്പിലും നടത്തിപ്പിലും ബന്ധപ്പെട്ട കമ്മിറ്റികളും ഉദ്യോഗസ്ഥരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4-2 ഫണ്ടുകളിൽ വലിയ ശതമാനം തുക ലാപ്സായിരിക്കുന്നു

2019-2020 സാമ്പത്തിക വർഷം വകയിരുത്തിയ തുകകളുടെയും ചെലവഴിച്ച തുകകകളുടെയും സുലേഖ ചെലവ്

പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിച്ച തുക -ശതമാനം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 17885949/- | 11711446/- | 65.48 % |
| വികസന ഫണ്ട്- SCP | 15760868/- | 7177522/- | 45.54 % |
| വികസന ഫണ്ട്- TSP | 257000/- | 11100/- | 4.31 % |
| ധനകാര്യ കമ്മീഷൻ അവാർഡ്(Untied) | 14426045/- | 8179685/- | 56.70 % |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 5651335/- | 3389586/- | 59.98 % |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 6942870/- | 1641775/- | 23.65 % |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3798778/- | 1828359/- | 48.13 % |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 6829382/- | 4156882/- | 60.87 % |

ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും ചെവലഴിച്ചിട്ടില്ല. ഫണ്ടുകളിൽ വലിയ ശതമാനം തുക ലാപ്സായിരിക്കുന്നു. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക (നമ്പർ - 37/16.10.2021) പ്രതികൂല കാലാവസ്ഥ, കോവിഡ് 19 വ്യാപനം എന്നിവ മൂലം പ്രവർത്തികൾ ഭാഗികമായി മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന മറുപടി നൽകി.

ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കുന്നതിൽ വരും വർഷങ്ങളിൽ ബന്ധപ്പെട്ട കമ്മിറ്റികളും ഉദ്യോഗസ്ഥരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

2019-20 ൽ പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 90830540 | 140 | 44696492 | 3 | 79 | 66.04 |

പദ്ധതി അടങ്കൽ തുകയായി വകയിരുത്തിയ തുകയുടെ 49.21% മാത്രമാണ് ഗ്രാമ ചെലവഴിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർ ആകെ 103 പദ്ധതികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 50 പദ്ധതികൾ

മാത്രമാണ് നടപ്പിലാക്കിയത്. ഒരു പദ്ധതി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലും പദ്ധതി ഇനത്തിൽ ലഭ്യമാക്കുന്ന തുക പാഴാക്കാതെ പ്രയോജനപ്രദമായ രീതിയിൽ പൂർണമായി ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 9243 | 1285444 | 1294687 | 1294687 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 14892000 | 14892000 | 14892000 | 0 |
| ആകെ | 9243 | 16177444 | 16186687 | 16186687 | 0 |

തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

1. എം ബുക്കിലെ മെഷർമെന്റുകൾ ആധികാരികമല്ല.

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിലും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവ് എടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കുന്നതുമാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എം ബുക്കുകളിൽ മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്നതനുസരിച്ച് അളവു രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. എം.ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 ഖണ്ഡിക 7.12.4 പ്രകാരം എല്ലാ പ്രവൃത്തികളും അളവ് എടുത്ത് മെഷർബുക്കിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ള സോക്ക് പിറ്റ് നിർമ്മാണ പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

3. എം.എൻ.ആർ.ഇ.ജി.എ ആക്ട് 2005 സെക്ഷൻ 17 പ്രകാരം ഗ്രാമസഭകൾ നിർബന്ധമായും എം.എൻ.ആർ.ഇ.ജി.എ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്. അപ്രകാരം സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.40 ന് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിലും അതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ നടത്തുമ്പോൾ അപാകതകൾ സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

2019-20വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2168400 | 742 |
| വിധവ പെൻഷൻ | 8561400 | 2970 |
| വാർദ്ധക്യകാലപെൻഷൻ | 12207000 | 4233 |
| വികലാംഗപെൻഷൻ | 1722900 | 568 |
| 50വയസ്സ കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 148800 | 52 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയരിക്കുന്നത്.

| ക്രമ നം | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | സത്യഭാമ | 102370201346 | വാർദ്ധക്യകാലം | 14.5.19 | ആക്ടീവ് |
| 2 | പാറുക്കുട്ടിയമ്മ | 102330600166 | വാർദ്ധക്യകാലം | 23.7.19 | ആക്ടീവ് |
| 3 | ഭാസ്കരൻനായർ | 102330201309 | വാർദ്ധക്യകാലം | 18.8.19 | ആക്ടീവ് |
| 4 | ബേബി | 102330202291 | വാർദ്ധക്യകാലം | 3.8.19 | ആക്ടീവ് |
| 5 | റഹ്മാബീവി | 102330200008 | വാർദ്ധക്യകാലം | 7.8.19 | ആക്ടീവ് |
| 6 | പങ്കജാക്ഷി | 102330200261 | വാർദ്ധക്യകാലം | 20.7.19 | ആക്ടീവ് |
| 7 | തങ്കപ്പൻചെട്ടിയാർ | 102330200308 | വാർദ്ധക്യകാലം | 10.8.19 | ആക്ടീവ് |
| 8 | ചന്ദ്രശേഖരപിള്ള | 102330201903 | വാർദ്ധക്യകാലം | 31.7.19 | ആക്ടീവ് |
| 9 | രാഘവൻ | 102330100166 | കർഷകതൊഴിലാളി | 10.9.19 | ആക്ടീവ് |
| 10 | പങ്കജാക്ഷി | 102330201210 | വാർദ്ധക്യകാലം | 14.9.19 | ആക്ടീവ് |
| 11 | ലക്ഷ്മി | 102330100690 | കർഷകതൊഴിലാളി | 19.6.19 | ആക്ടീവ് |
| 12 | പൊന്നമ്മ | 102330600035 | വിധവപെൻഷൻ | 21.9.19 | ആക്ടീവ് |
| 13 | ഗോമതി | 10233040047 | വികലാംഗ | 16.9.19 | ആക്ടീവ് |
| 14 | കുഞ്ഞി | 102330200660 | വാർദ്ധക്യകാലം | 26.9.19 | ആക്ടീവ് |
| 15 | ഷെരീഫാബീവി | 102330202583 | വാർദ്ധക്യകാലം | 14.9.19 | ആക്ടീവ് |
| 16 | രത്നാഭായിയമ്മ | 102330202173 | വാർദ്ധക്യകാലം | 13.9.19 | ആക്ടീവ് |
| 17 | വിചിത്രൻ | 102330202386 | വാർദ്ധക്യകാലം | 27.9.19 | ആക്ടീവ് |
| 18 | അപ്പുക്കുട്ടൻ | 102330100766 | കർഷകതൊഴിലാളി | 16.8.19 | ആക്ടീവ് |

| | | | | | |
|---|---|---|---|---|---|
| 19 | സത്യഭാമ | 102330100541 | കർഷകതൊഴിലാളി | 9.9.19 | ആക്ടീവ് |
| 20 | ഗോപി | 102330100322 | കർഷകതൊഴിലാളി | 2.9.19 | ആക്ടീവ് |
| 21 | സജിവോത്തമൻ | 102330201191 | വാർദ്ധക്യകാലം | 30.9.19 | ആക്ടീവ് |
| 22 | ലക്ഷ്മി | 102330200507 | വാർദ്ധക്യകാലം | 18.10.19 | ആക്ടീവ് |
| 23 | ലീല | 102330600223 | വിധവപെൻഷൻ | 1.10.19 | ആക്ടീവ് |
| 24 | കുൽസംബീവി | 102330202383 | വാർദ്ധക്യകാലം | 3.11.19 | ആക്ടീവ് |
| 25 | രാഘവൻ | 102330201501 | വാർദ്ധക്യകാലം | 15.10.19 | ആക്ടീവ് |
| 26 | സുരേന്ദ്രൻ | 102330201542 | വാർദ്ധക്യകാലം | 19.10.19 | ആക്ടീവ് |
| 27 | തങ്കമ്മ | 102330200730 | വാർദ്ധക്യകാലം | 3.11.19 | ആക്ടീവ് |
| 28 | വേലു | 102330100653 | കർഷകതൊഴിലാളി | 17.10.19 | ആക്ടീവ് |
| 29 | സത്യസന്ധൻസ്വാമി | 102330202564 | വാർദ്ധക്യകാലം | 2.8.19 | ആക്ടീവ് |
| 30 | സദാശിവൻ | 102330200300 | വാർദ്ധക്യകാലം | 24.10.19 | ആക്ടീവ് |
| 31 | സരസ്സമ്മ | 102330200201 | വാർദ്ധക്യകാലം | 10.11.19 | ആക്ടീവ് |
| 32 | രവീന്ദ്രൻ | 102330201439 | വാർദ്ധക്യകാലം | 13.11.19 | ആക്ടീവ് |
| 33 | ഭാസ്കരൻ | 102330100512 | കർഷകതൊഴിലാളി | 29.7.19 | ആക്ടീവ് |
| 34 | രാജപ്പൻപിള്ള | 102330202272 | വാർദ്ധക്യകാലം | 10.11.19 | ആക്ടീവ് |
| 35 | ആനന്ദൻ | 102330202127 | വാർദ്ധക്യകാലം | 18.3.20 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. മരണശേഷം പെൻഷൻ തുക നൽകിയിട്ടില്ലെങ്കിൽ കൂടി അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 53തീ 20.10.21 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7-2 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം

പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | പിപിഒ നം | പെൻഷൻ ഐഡി | അനർഹമായി കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | തങ്കമ്മ,പുത്തൻവീട്,തട്ടത്തുമല | PPOIVM19914 | 102330201096 | 66300/- | തുക തിരികെ ഈടാക്കുന്നതിന് ട്രഷറിക്ക് കത്ത് നൽകി.(20.4.21) |

| | | | | | |
|---|---|---|---|---|---|
| 2 | കമലമ്മ, ജികെഭവൻ, തട്ടത്തുമല | K-7D8810 | 102330201167 | 49600/- | തുക തിരികെ ഈടാക്കുന്നതിന് ട്രഷറിക്ക് കത്തു നൽകി.(27.4.21) |
| 3 | സുശീല,പാപ്പാല | PPOTVM1108257 | 102330601543 | 40800/- | തുക തിരികെ ഈടാക്കുന്നതിന് ട്രഷറിക്ക് കത്തു നൽകി.(27.4.21) |
| 4 | ശ്രീദേവി, തൊടിയിൽ വീട്,കിളിമാനൂർ | PPOTVM19520 | 102330201550 | 79000/- | തുക തിരികെ ഈടാക്കുന്നതിന് ട്രഷറിക്ക് കത്തു നൽകി.(27.4.21) |
| 5 | തുളസിദാസ്, കുഞ്ഞൻവിളാകത്തുവീട് | ലഭ്യമല്ല | 102330400055 | 65700/- | തുക തിരികെ ഈടാക്കുന്നതിന് ട്രഷറിക്ക് കത്തു നൽകി.(24.3.21) |
| 6 | സുഭദ്ര, പാറവിളവീട് | PPOTVM10962501 | 102330601636 | 22100/- | തിരിച്ചടച്ചു |
| 7 | അതുക്കാബീവി, ഷീബാമൻസിൽ, തട്ടത്തുമല | ലഭ്യമല്ല | 102330202221 | 25700/- | തിരിച്ചടച്ചു |
| 8 | വനിതകുമാരി, വലിയകോണത്തുപുത്തൻവീട്. കൊപ്പം | ലഭ്യമല്ല | 102330202084 | 37600/- | തിരിച്ചടച്ചു |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 54 തീ 20.10.21 ന് ലഭ്യമാക്കിയ മറുപടിയിൽ ട്രഷറിയുമായി ബന്ധപ്പെട്ട് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2021 തീയതിയിൽ 10.20AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4518/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1)ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

2) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

3) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ സ്ഥലപരിശോധന നടത്തി കൃത്യമായ

എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തത് കാരണവും, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണവും എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്താനിടയാക്കുന്നു.

4) ഗുണഭോക്താക്കളുടെ മരണശേഷവും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

5) വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

6) നിർവ്വഹണോദ്യോഗസ്ഥരിൽ എല്ലാ പേരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

7) പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതാണ്

8) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

9)പ്രൊക്യുയർമെന്റ് കമ്മിറ്റി സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്നില്ല.
10)മാർക്കറ്റ് ഗേറ്റ് ഫീസ് ഗ്രാമ പഞ്ചായത്ത് നേരിട്ട് പിരിച്ചതു സംബന്ധിച്ച രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
11)വസ്തുനികുതി നികുതി നികുതി നിർണ്ണയം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

12)ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരവിനത്തിലുള്ള തുകകൾ കൃത്യമായി പിരിക്കുന്നതിൽ ജാഗ്രത കുറവുണ്ട്. ഖ.1-17, 1-18 എന്നിവയിലെ പരാമർശങ്ങൾ ശ്രദ്ധിക്കേണ്ടതും തനത് വരുമാനം വർദ്ധിപ്പിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2019 | 06/19, 07/19 | 29.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.08.2017 മുതൽ 16.09.2017 വരെ | 2012-13 മുതൽ 2016-17 വരെ | 17.10.2017 |

## 1-11 രസീതു പരിശോധനയിലെ അപാകതകൾ

21.08.2019 മുതൽ 30.03.2020 വരെയുള്ള രസീതുകളുടെ വരവ്,ഒടുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു..

1. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം I) ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

എന്നാൽ ഇപ്രകാരം താഴെപ്പറയുന്ന രസീത് ഡേ ബുക്ക് പരിശോധിച്ചതിൽ ഒടുക്കു വരുത്തിയിട്ടില്ല.

| രസീതു ബുക്ക് നമ്പർ/രസീതു നമ്പർ | തീയതി | ഇനം | തുക | ഡേ ബുക്ക് പ്രകാരം തുക ഒടുക്കു വരുത്തിയ തീയതി |
|---|---|---|---|---|
| 40939/35 | 05/02/2020 | വസ്തു | 98/- | 10/02/2020 |

| | | | | |
|---|---|---|---|---|
| | | നികുതി | | |

2. ലഭ്യമാക്കിയ രസീതു ബുക്കുകൾ പരിശോധിച്ചതിൽ രസീതുകളിൽ കൃത്യമായി തീയതി രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതു ബുക്ക് നമ്പർ/രസീതു നമ്പർ | ഇനം | തുക |
|---|---|---|
| 40936/59 | വസ്തു നികുതി | 504/- |
| 40921/53 | വസ്തു നികുതി | 311/- |
| 40931/73 | വസ്തു നികുതി | 91/- |
| 40931/47 | വസ്തു നികുതി | 16/- |
| 40931/41 | വസ്തു നികുതി | 200/- |
| 40939/36 | വസ്തു നികുതി | 127/- |

3. കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 90(ബി), 92(എ) എന്നിവ പ്രകാരം രസീതുകൾ പ്രകാരമുള്ള തുകകളുടെ ഒടുക്കുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന രസീതിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഡേ ബുക്കിൽ ഒടുക്കിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| രസീതു ബുക്ക് നമ്പർ/രസീതു നമ്പർ | തീയതി | രസീതിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക | ഡേ ബുക്ക് പ്രകാരം തുക ഒടുക്കു വരുത്തിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 40932/36 | 03/12/2019 | 1350/- | 1360/- |

4. കേരള ട്രഷറി കോഡ് (വാല്യം 1) ആർട്ടിക്കിൾ 90(എ) പ്രകാരം T.R-5 രസീതികളുടെ ഡബിൾ ഫേസ്ഡ് കാർബൺ പകർപ്പുകൾ എടുക്കുന്ന വിധത്തിലായിരിക്കണം രസീത് ബുക്ക് പ്രിന്റ് ചെയ്യേണ്ടത്.

എന്നാൽ താഴെപ്പറയുന്ന രസീതുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

| രസീതു ബുക്ക് നമ്പർ | രസീതു ലഭ്യമായ ഉദ്യോഗസ്ഥൻ |
|---|---|
| 40920 | കൃഷി ഓഫീസർ |
| 40942 | |
| 40943 | |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 52/20.10.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത്പരിശോധിച്ചതിൽആയത് പാലിച്ചിട്ടുള്ളതായി കാണുന്നില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ലഭ്യമാക്കിയ FTEAOS രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള 1 മുതൽ 25 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 10/638 | അജി.കെ.രാജൻ | എ.സി.ഇ ഡിസ്ട്രിബ്യൂട്ടേഴ്സ് |
| 2 | 14/1170 | അജി.കെ.രാജൻ | എ.സി.ഇ.ഡിസ്ട്രിബ്യൂട്ടേഴ്സ് |
| 3 | 17/671 | സൈനുദ്ദീൻ.എ | സൈനുദ്ദീൻ ടീ ഷോപ്പ് |
| 4 | 12/569എ | ഉബൈദ്. എ | പൗൾടി ഫാം |
| 5 | 4/28 | നൂർജഹാൻ. എം | മെറ്റൽക്രഷർയൂണിറ്റ് |
| 6 | 14/2212&2213 | നിജ.എം | പുലരി ബേക്കറി&ഷോപ്പ് |
| 7 | 16/645 | ഇ.ഹംസ | ഹോട്ടൽ ബിസ്മിയ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19 ന് ക്രമ നം. 1,2 എന്നിവ2020-21 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടുണ്ടെന്നും ക്രമ നം. 4,5 എന്നിവയിലെ സ്ഥാപനങ്ങൾ നിലവിൽപ്രവർത്തിക്കുന്നില്ലായെന്നും ക്രമ നം. 3, 7 എന്നിവയിൽ നിന്ന് പിഴ ഈടാക്കുന്നതും ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്

2. ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ 2, 7എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 2/348ബി | സജിത്.എൻ | അമ്പാടി ഫർണിച്ചർ മാർട്ട് |
| 2 | 2/417 | മുഹമ്മദ് ഹനീഫ | മൂലക്കട |
| 3 | 2/1339 | മുഹമ്മദ് യൂസഫ് | ഹൗസ് ഫർണിഷിംഗ്&ക്ലോത്ത് സ്ററിച്ചിംഗ് |
| 4 | 2/366-368 | എം. ബഷീർ | കശുവണ്ടി ഫാക്ടറി |
| 5 | 2/195ഡി | ജയചന്ദ്രൻ. ആർ | സ്റ്റാർ ഏജൻസീസ് |
| 6 | 2/15 | നിഷാദ് | അക്വാ ഫിനുസ് |
| 7 | 2/10 | ലെനിൻ. വി.എസ് | ഓർഗാനിക് അഗ്രി സൊല്യൂഷൻസ് |
| 8 | 2/35സി | സൈഫുദ്ദീൻ | ബെററ് പേൾ |
| 9 | 7/177എ | സെക്രട്ടറി, പഴയകുന്നമ്മേൽ സർവീസ് സഹകരണബാങ്ക് , വളം ഡിപ്പോ | വളം ഡിപ്പോ |
| 10 | 7/373 | ഷാജഹാൻ | പലചരക്ക് വ്യാപാരം |
| 11 | 7/319 | ശശിധരൻ. ആർ | പൊന്നൂസ് ബ്യൂട്ടി പാർലർ |
| 12 | 7/188 | മൂസക്കുഞ്ഞ് | ജാസ്മിൻ മെഡിക്കൽസ് |
| 13 | 7/936 | സലാഹുദ്ദീൻ | അക്ബർ സ്റ്റോർ |

| | | | |
|---|---|---|---|
| 14 | 7/726 | ലീല | അമ്മൂസ് ഫാൻസി |
| 15 | 7/725 | ദിവ്യ | ആയില്യം |
| 16 | 7/297 | എസ്.ജോയ് | ഇലക്ട്രിക്കൽ പ്ളംബിംഗ് സാധനങ്ങളുടെ വില്പന |
| 17 | 7/193 | മഹേഷ് മോഹനൻ | ബാർബർഷോപ്പ് |
| 18 | 7/182 | ഷാൻ | അൽനാജ മൊബൈൽസ് |
| 19 | 7/885 | കമറുദ്ദീൻ | അറഫ കമ്മ്യൂണിക്കേഷൻസ് |
| 20 | 7/856 | സലിം | സഫ ഏജൻസീസ് |
| 21 | 7/207 | അബ്ദുൾ ലത്തീഫ് | മുളമൂട്ടിൽ ടെക്സ്റ്റൈൽസ് |
| 22 | 7/858 | സുരേഷ് കുമാർ | ശാസ്ത്രാ കല്യാണ സ്റ്റോർ |
| 23 | 7/843 | ജയകുമാർ. എസ് | താലി ജ്യൂവലറി വർക്സ് |
| 24 | 7/29 | സുരേഷ് | വർക്ക്ഷോപ്പ് |
| 25 | 7/908 | ഹൈദ്രദ്ദീൻ | കുഴിവിള ബേക്കറി |
| 26 | 7/307 | ഉദുമൽ കണ്ണ് | ആഴിയിൽ സ്റ്റോർ |
| 27 | 7/194 | അബ്ദുൾ വഹാബ് | എം.ആർ റബ്ബർ ട്രേഡേഴ്സ് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19 ന് ക്രമ നം.4, 9, 10,11,12,13, 14, 15, 16,17, 18,22, 23,24,26 എന്നിവയിൽ നിന്ന് പിഴ ഈടാക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറ്റു ക്രമനമ്പരുകളിൽ ലൈസൻസ് പുതുക്കിയിട്ടുണ്ടെന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസോടുകൂടി അല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുമാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3) ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല

ലൈസൻസ് രജിസ്റ്ററിൽ വാർഡ്/കെട്ടിടനം. രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ

| ക്രമ നം | ലൈസൻസ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 3669/18.5.2019 | അരുൺ | ലൈഫ് ലൈൻ ഹെൽത്ത് കെയർ |
| 2 | 5723/1.8.2019 | സലാഹുദ്ദീൻ | അക്ബർ സ്റ്റോർ |
| 3 | 719/25.1.2020 | ഷാജഹാൻ.എ | അഫ്സ എൻർപ്രൈസസ് |
| 4 | 1982/12.3.2019 | ഷെരീഫാബീവി | സാഹ ഓയിൽ മിൽ |
| 5 | 6435/30.8.2019 | ഷമീർ.എ | ബിസ്മില്ല റൈസ് മിൽ |
| 6 | 2212/18.6.2019 | അജ്മൽ | ദുബായ് മേള |
| 7 | 2616/30.3.2019 | മാനസ്. എ | പുനർവസു ആയുർവേദ മെഡിക്കൽ സെന്റർ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19 ന് ക്രമ നം. 1,4,6 എന്നിവയിലെ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും മറ്റ് ക്രമനമ്പരുകളിലെ സ്ഥാപനങ്ങളുടെ കെട്ടിട നമ്പരുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസ് നൽകലിന്റെ ആധികാരികത ഉറപ്പാക്കുന്നതിനായി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

ലൈസൻസ് നം.5932/9.8.2019 ആയി ലൈസൻസ് നൽകിയിട്ടുള്ള ആകാശ് ബോർവെൽ& ട്യൂബ് വെൽ എന്ന സ്ഥാപനത്തിന്റെ വാർഡ്നം/കെട്ടിടനം. എന്നിവ ലൈസൻസ് രജിസ്റ്റർ പ്രകാരം 12/23എ ആണ്. എന്നാൽസഞ്ചയ പരിശോധിച്ചതിൽ അത്തരത്തിലൊരു സ്ഥാപനം പ്രവർത്തിക്കുന്നതായി കാണുന്നില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19 ന് പ്രസ്തുത സ്ഥാപനം 12/32-ാം കെട്ടിട നമ്പരായി 15.5.2020ൽ ലൈസൻസ് പുതുക്കിയിട്ടുണ്ടെന്നും 2020-21ൽ 12/783എ കെട്ടിട നമ്പരായി ലൈസൻസ് പുതുക്കിയിട്ടുണ്ടെന്നും മറുപടി അതാണ് യഥാർത്ഥ കെട്ടിട നമ്പരെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാണെന്നും അപാകതകൾ സംഭവിക്കുന്നില്ലായെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

5. ലൈസൻസ് ഫീസ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷകളിലെല്ലാം തന്നെ ഒരു ദിവസത്തെ വിറ്റുവരവ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 36 ന് ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽമൂലധനനിക്ഷേപം രേഖപ്പെടുത്തിയാണ് ഇപ്പോൾ ലൈസൻസ് ഫീസ് ഈടാക്കി വരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ തട്ടുകളായി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിച്ച് ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

6. ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ , ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെ ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോകുവാനോ പാടുള്ളതല്ല. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ വിവിധ ഇനങ്ങളിൽ 10 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറി ഫാം | 2 |
| 2 | പൗൾട്രി ഫാം | 7 |

ഇവയ്ക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് കോവിഡ് മഹാമാരിയെ തുടർന്നുള്ള സാമ്പത്തിക പരാധീനത കൊണ്ടും പി.എച്ച്.സികളിലെ തിരക്ക് പ്രമാണിച്ച് സാനിട്ടറി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കാലതാമസം നേരിടുന്നതുകൊണ്ടും ലൈസൻസ് പുതുക്കുന്നതിന് കാലതാമസം നേരിടുന്നുവെന്നും എല്ലാ ഫാമുകളുടേയും ലൈസൻസ് എടുപ്പിക്കുന്നതിനും പിഴ ഈടാക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 തൊഴിൽ നികുതി-അപാകതകൾ

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ന് ആനുപാതികമായി അല്ലാതെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

| സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധ വർഷം | തൊഴിൽ നികുതിയ്ക്ക്കണക്കാക്കാവുന്ന വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| ഠൗൺ യു.പി. എസ് കിളിമാനൂർ | ജസ്ന. എ എൽ.പി.എസ്.ടി | I Half | 197940 | 1000 | 1250 | 250 |
| | സീന. എ എൽ.പി.എസ്.ടി | I Half | 197940 | 1000 | 1250 | 250 |
| | സുമി.എസ് എൽ.പി.എസ്.ടി | I Half | 197940 | 1000 | 1250 | 250 |
| | ആര്യമോൾ.എം.ആർ | I Half | 197940 | 1000 | 1250 | 250 |
| | അഭിജിത്ത് എ ഒ.എ | I Half | 133500 | 1000 | 1250 | 250 |
| | ശ്യാമളാഭായി,റ്റി പി.ടി.സി.എം | I Half | 116304 | 750 | 1000 | 250 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26ന് തൊഴിൽ നികുതി കുറവായി ഈടാക്കിയ ജീവനക്കാരിൽ നിന്നും ബാക്കി തുക ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് തുക ഒടുക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽനികുതി ചട്ടങ്ങൾ) ചട്ടം 4,5,6 എന്നിവ അനുശാസിക്കും പ്രകാരം താഴെപ്പറയുന്നസ്ഥാപനങ്ങളിൽനിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന്സ്ഥാപന നികുതി ഒടുക്കുന്നതിന് അറിയിപ്പ് നൽകുകയും തുക ഒടുക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ പഞ്ചായത്ത് തനതുഫണ്ടിന് നികുതി ചോർച്ച സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. തുടർ നടപടിവിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | സ്ഥാപനതൊഴിൽനികുതി അടവാക്കേണ്ടുന്നത് |
|---|---|---|

| | | |
|---|---|---|
| 1 | കല്ലിംഗൽ ഓട്ടോമൊബൈൽസ് | I&II Half |
| 2 | എ.എം.എഫ് ഫിനാൻസ് | I&II Half |
| 3 | നൂറൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I&II Half |
| 4 | കളപ്പിലാ ഫിനാൻസ് | I&II Half |

3. സാക്ഷ്യപത്രം ലഭ്യമാക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല

1 994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(എഫ്) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരിമാസത്തിന്റേയും അവസാനത്തിനുമുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി, അവരിൽ നിന്ന് തുക ഈടാക്കി , നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ജീവനക്കാരുടെ ലിസ്റ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് സാക്ഷ്യപത്രം വാങ്ങുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ജെ.എം.എഫ് ഫിനാൻസ് | രണ്ടു അർദ്ധ വർഷത്തേയും സാക്ഷ്യപത്രം ലഭ്യമാക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല |
| 2 | നൂറൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ | രണ്ടു അർദ്ധ വർഷത്തേയും സാക്ഷ്യപത്രം ലഭ്യമാക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല |
| 3 | ബോസ്& രാജീവ് | രണ്ടാം അർദ്ധ വർഷത്തെ സ്റ്റേറ്റുമെന്റ് ലഭ്യമാക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് തൊഴിൽ നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകുകയും തുക ഒടുക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന്ഉറപ്പ് വരുത്തേണ്ടതും തൊഴിൽ നികുതി ഒടുക്കുവാനുള്ള മുഴുവൻ വ്യക്തികളും തൊഴിൽ നികുതി ഒടുക്കു വരുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൊഴിൽ നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4.റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 7 ന് ലഭ്യമാക്കിയ മറുപടിൽ 17 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ അവ ലൈസൻസ് എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ

കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല .

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| 1 | റൂം നം. SC X | സുമതി , തെങ്ങുവിള വീട് | 814 | ജൂലൈ 2019-മാർച്ച് 2020വരെ |
| 2 | OMS 7 | നാസറുദ്ദീൻ, മുഹ്സീന മൻസിൽ | 9450 | മേയ് 2019-മാർച്ച് 2020 വരെ |
| 3 | NMS(o) VI | ഗംഗാധരൻ, കുന്നംപുറത്ത് വീട് | 478 | മേയ് 2019-മാർച്ച് 2020 വരെ |
| 4 | NMS(O)IX | ഗംഗാധരൻ, കുന്നംപുറത്ത് വീട് | 416 | മേയ് 2019-മാർച്ച് 2020 വരെ |
| 5 | LodgeVII | ആർ.കെ ബൈജു ബിന്ദു ഭവൻ | 551 | മേയ് 2019-മാർച്ച് 2020 വരെ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10 ന് ക്രമനം. 2, 5 എന്നിവയിലെ വാടകക്കാരനിൽ നിന്ന് കുടിശ്ശിക പിരിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്രമ നം. 1 ലെ വാടകക്കാരനിൽ നിന്ന് കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. കൂടാതെ ക്രമനം. 3, 4 എന്നിവയിലെ വാടകക്കാരൻ സാമ്പത്തിക ബാധ്യത മൂലം ആത്മഹത്യ ചെയ്ത സാഹചര്യത്തിലും ജപ്തി മുഖേന തുക ഈടാക്കാൻ സാധിക്കാത്ത സാഹചര്യത്തിലും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോട്ടു കൂടി വാടകകുടിശ്ശിക എഴുതി തള്ളുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 പഞ്ചായത്ത് ഗ്രൗണ്ട്, ബസ് സ്റ്റാന്റ് ഗ്രൗണ്ട്, പഞ്ചായത്ത് സ്റ്റേഡിയം എന്നിവയുടെ വാടക- രേഖകൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രിക RP-3 പ്രകാരം പഞ്ചായത്ത് ഗ്രൗണ്ട്, ബസ് സ്റ്റാന്റ് ഗ്രൗണ്ട്, പഞ്ചായത്ത് സ്റ്റേഡിയം എന്നിവ വാടകയ്ക്ക് നൽകിയ ഇനത്തിൽ 488950- രൂപയുടെ വരവുണ്ട്. പ്രസ്തുത വരവിന്റെ ആധികാരികത ഉറപ്പാക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരവിന്റെ ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടനിർമ്മാണം നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികൃത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം 151ഉം റഗുലറൈസേഷന് ലഭിച്ച അപേക്ഷകളുടെ എണ്ണം 478ഉം ആണെന്ന് ഓഡിറ്റ് എൻക്വയറി നം. 52എ യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ വലിയ അളവിൽ (76%)നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്.

അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-17 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് -രശീതുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ലേലരജിസ്റ്റർ, ലേലഡയറി എന്നിവ പരിശോധിച്ചതിൽ 1.4.2019 മുതൽ 6.6.2019 വരെ പഞ്ചായത്ത് നേരിട്ടാണ് കിളിമാനൂർ മാർക്കറ്റ് ഗേറ്റ് ഫീസ്, തൊളിക്കുഴി മാർക്കറ്റ് ഗേറ്റ് ഫീസ് എന്നിവയുടെ പിരിവ് നടത്തിയിരിക്കുന്നത് . 2019-20ൽ 7.6.2019ലെ 1(1)-ാം നം. പ്രകാരം 826000/-രൂപയ്ക്ക്പ്രസ്തുത മാർക്കറ്റ് ലേലത്തിൽ പോയിട്ടുണ്ട്. പഞ്ചായത്ത് നേരിട്ട് പിരിച്ച രസീതിന്റെ വരവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കിളിമാനൂർ മാർക്കറ്റ് ഗേറ്റ് ഫീസ്, തൊളിക്കുഴി മാർക്കറ്റ് ഗേറ്റ്ഫീസ് എന്നിവ നേരിട്ട് പിരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനം, രസീത് അച്ചടിക്കുന്നതിന് വേണ്ടി പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. രസീത് അച്ചടിച്ചതിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽആകെ എത്ര രസീപ്റ്റുകൾ പ്രിന്റ് ചെയ്തിട്ടുണ്ട് എന്നതിൽ വ്യക്തതയില്ല.

3. സ്റ്റോക്കിൽ അവശേഷിക്കുന്ന രസീതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനായി ആകെ 96 രസീതുബുക്കുകൾ ആണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. അതിൽ 64 രസീതുബുക്കുകൾ വിനിയോഗിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആകെ 63 രസീതുബുക്കുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. രസീത് ബുക്ക് നം. 27 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ഓരോ രസീതു ബുക്കിലും ആകെ 100 രസീതുകളാണ് ഉള്ളത്. മാർക്കറ്റ് റസീപ്റ്റിന്റെ ലഡ്ജർ പ്രകാരം പഞ്ചായത്ത് നേരിട്ട് പിരിവ് നടത്തുക വഴി 87816/- രൂപയുടെ വരവുണ്ട്. ഔട്ട് ഡോർ കളക്ഷൻരജിസ്റ്റർ പ്രകാരം ബുക്ക് നം.27 രസീത് നം.2601-2700 വരെയുള്ള രസീത് പ്രകാരം929 രൂപയുടെ കളക്ഷനുണ്ട്. ആയത് തനത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. രസീത് ബുക്ക് നം. 27 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. രസീത് നം.27 അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 56, 60 എന്നിവയ്ക്ക് രസീത് ബുക്ക് നം. 27 നഷ്ടപ്പെട്ട് പോയിട്ടുള്ളതാണെന്ന് മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് പരാമർശങ്ങൾക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ 87,816/-രൂപയുടെ വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. സ്റ്റോക്കിൽ അവശേഷിച്ച 32 രസീതു ബുക്കുകളും അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതും നഷ്ടപ്പെട്ട രസീത് ബുക്കിലെ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കേണ്ടതും ഈയിനത്തിൽ തനതുഫണ്ടിന് ചോർച്ച സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 വരവിനങ്ങളുടെ പിരിവ്- കുടുംബശ്രീയൂണിറ്റിനെ ഏൽപ്പിച്ചതിലെ അപാകതകൾ

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ പരസ്യനികുതി പിരിവ്, പഞ്ചായത്ത് ബസ്സ്റ്റാന്റിലെ ബസുകളുടെ പ്രവേശന ഫീസ് പിരിവ്, സാനിട്ടേഷൻ യൂണിറ്റിലെ പിരിവ്, ശിശു പാർക്ക് പിരിവ്, വാഹന പാർക്കിംഗ് പിരിവ് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. ലെഡ്ജർ പ്രകാരം പബ്ലിക് കംഫർട്ട് സ്റ്റേഷൻ പിരിവിനത്തിൽ 76,463/- രൂപയും, ബസ് സ്റ്റാന്റ് റസീപ്റ്റ് ഇനത്തിൽ 3,54,140/- രൂപയും Taxi And Other Vehicle Stand Receipt ഇനത്തിൽ 1,34,795 രൂപയും പിരിവുണ്ട്.

1. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 24.2.2016ലെ 8(25)ാം നം തീരുമാനപ്രകാരവും 15.3.2016ലെ 2(2)ാംനം തീരുമാന പ്രകാരവും പരസ്യനികുതി പിരിവ്, പഞ്ചായത്ത് ബസ്സ്റ്റാന്റിലെ ബസുകളുടെ പ്രവേശന ഫീസ് പിരിവ്, സാനിട്ടേഷൻ യൂണിറ്റിലെ പിരിവ്, ശിശു പാർക്ക് പിരിവ്, വാഹന പാർക്കിംഗ് പിരിവ് എന്നിവ സുരഭി കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. പരസ്യ നികുതി , പഞ്ചായത്ത് ബസ് സ്റ്റാന്റ് പിരിവ് എന്നിവയുടെ വരുമാനത്തിന്റെ 25% വും സാനിട്ടേഷൻ യൂണിറ്റ്, ശിശു പാർക്ക് പിരിവ്, വാഹന പാർക്കിംഗ് പിരിവ് എന്നിവയുടെ വരുമാനത്തിന്റെ 50% വും യൂണിറ്റിന് നൽകുമെന്നായിരുന്നു കരാർ നിബന്ധന. സുരഭി കുടുംബശ്രീയൂണിറ്റുമായി പഞ്ചായത്ത് വച്ചിട്ടുള്ള എഗ്രിമെന്റ് നം.16881/29.3.2016 ക്രമ നം. 2 പ്രകാരം ആവശ്യമുള്ള രസീതുകൾ പഞ്ചായത്തിൽ നിന്നും അച്ചടിച്ച് സീൽ പതിപ്പിച്ച് നൽകുമെന്നും നിരക്കുകൾ പഞ്ചായത്ത് കമ്മിറ്റിതീരുമാനത്തിന് വിധേയമായിരിക്കും എന്നും നിബന്ധനയുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച നിരക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനത്തിനായും പ്രിന്റ് ചെയ്ത ആകെ രസീതുകളുടെ എണ്ണം, രസീത് ബുക്ക് നം. എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഇനത്തിനായും അച്ചടിച്ച ആ കെ രസീത് ബുക്കുകൾ, അവയിൽ വിനിയോഗിച്ചവ എന്നിവ ക്രമ നം. അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

3. സുരഭി കുടുംബശ്രീയൂണിറ്റുമായി പഞ്ചായത്ത് വച്ചിട്ടുള്ള എഗ്രിമെന്റ് നം.16881/29.3.2016 ക്രമ നം. 7 പ്രകാരം 1.4.2016 മുതൽ 31.5.2017വരെയാണ് പിരിവ് നടത്തുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത്. അതിനു ശേഷം കരാർ പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 15.3.2016ലെ പഞ്ചായത്തു കമ്മിറ്റി തീരുമാനത്തിനുശേഷം പ്രസ്തുത വരവിനങ്ങളുടെ പിരിവ് സുരഭി കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിച്ചു കൊണ്ട് പഞ്ചായത്ത് കമ്മിറ്റിതീരുമാനം എടുത്തിരിക്കുന്നത് 27.52020ലെ 14/3-ാം നം. തീരുമാന പ്രകാരം മാത്രമാണ്. ഇതിൽനിന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനം, എഗ്രിമെന്റ് എന്നിവ കൂടാതെയാണ് ആദ്യ കരാർ കാലാവധിക്കുശേഷം സുരഭി കുടുംബശ്രീ യൂണിററിനെ പ്രസ്തുത വരവിനങ്ങളുടെ പിരിവിന് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. 27.5.2020ലെ കമ്മിറ്റി തീരുമാനത്തിലാകട്ടെ ഏത് കാലയളവിലേക്കാണ് സുരഭി കുടുംബശ്രീ യൂണിററിനെ മേൽ വരവിനങ്ങളുടെ പിരിവ് ഏൽപ്പിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലില്ല. കാലയളവ് നിശ്ചയിക്കാതെയും എഗ്രിമെന്റ് വയ്ക്കാതെയും സുരഭി കുടുംബശ്രീ യൂണിററിനെ മേൽ വരവിനങ്ങളുടെ പിരിവ് ഏൽപ്പിച്ചിരിക്കുന്നത് ഭാവിയിൽ വ്യവഹാര നടപടികൾക്കിടയാക്കിയേക്കും എന്നതിനാൽ കാലയളവ് വ്യക്തമായി നിർവചിച്ചിക്കുന്നതിനും, എഗ്രിമെന്റ് വക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 56, 63 എന്നിവ നൽകിയിട്ടുണ്ട്. അതിൽ എൻക്വയറി നം. 63 ന് ലഭ്യമാക്കിയ മറുപടിയിൽ രസീത് പ്രകാരം പിരിക്കുന്ന തുക അടുത്ത ദിവസം ഫ്രണ്ട് ഓഫീസിൽ അടവാക്കുകയും എഴുതി കഴിഞ്ഞ രസീതു ബുക്കുകൾ പഞ്ചായത്തിൽ തിരികെ നൽകുകയുമാണ് ചെയ്തിട്ടുള്ളതെന്നു എന്നാൽ ഈ രസീത് ബുക്കുകൾ ഇനം തിരിക്കാതെ ഒരുമിച്ചാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതെന്നതിനാൽ അവ ഇനം തിരിച്ച് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബസ് പ്രവേശന ഫീസ് പിരിവിനായി 54001-78000 നമ്പർ വരെയുള്ള രസീതുകളും പാർക്കിംഗ് (രൂപ 10) ന്റെ24001-35000വരെയുള്ള രസീതുകളും പാർക്കിംഗ്(രൂപ 5)8601-16000 വരെയുള്ള രസീതുകളും പബ്ലിക് കംഫർട്ട് സ്റ്റേഷൻ (രൂപ5) 8300-17000 വരെയുള്ളരസീതുകളും ആണ് പ്രിന്റ്ചെയ്ത് നൽകിയിട്ടുള്ളതെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ അവയുടെ ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റി തീരുമാനം, എഗ്രിമെന്റ് എന്നിവ കൂടാതെ മേൽ ഇനങ്ങളുടെ പിരിവിനായി സുരഭികുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിച്ചതിൽ പഞ്ചായത്തിന് ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട്. രസീതുകളുടെ സ്റ്റോക്ക്, വിതരണം, രസീത് ഇനം തിരിച്ച് സൂക്ഷിക്കുക എന്നതിലെ വീഴ്ച അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചയെ ആണ് കാണിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ കർശന നടപടികൾസ്വീകരിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-19 ലൈസൻസില്ലാതെ പൊതു കശാപ്പുശാല പ്രവർത്തിക്കുന്നു

ലേലഡയറി, ലേല രജിസ്റ്റർ എന്നിവ പ്രകാരം കിളിമാനൂർ മാർക്കറ്റിലെ കശാപ്പുശാലയിൽ നിന്ന് പിരിവ് നടത്തുന്നതിനുള്ള അവകാശം 2.3.2019ൽ നടന്ന ലേലത്തിൽ ഷാജഹാൻ.എസ്, മുംതാസ് മൻസിൽ എന്ന് വ്യക്തിയ്ക്ക്

65100/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ്( കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 6 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഫോറം 1ൽ ലഭിച്ച ലൈസൻസില്ലാതെ ആരെയും കശാപ്പു ശാലകളിൽ മൃഗങ്ങളെ കശാപ്പ് ചെയ്യാൻ അനുവദിക്കാൻ പാടില്ല. മേൽ ചട്ടം 6 പ്രകാരം കശാപ്പുശാലയിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന് ലൈസൻസ് എടുത്തിട്ടുള്ളവരുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് അപ്രകാരം ആർക്കും ലൈസൻസ് നൽകിയിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഫോം 11 മാതൃകയിലുള്ള രജിസ്റ്റർ, 1996ലെ ചട്ടപ്രകാരമുള്ള മറ്റ് വ്യവസ്ഥകൾ എന്നിവയൊന്നും പരിപാലിച്ചിട്ടില്ല. കശാപ്പു ശാലയിൽ നിന്ന് പിരിവ് നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകുകയും എന്നാൽ പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം ലൈസൻസ് ഉള്ള കശാപ്പുകാർ ഇല്ലാതിരിക്കുകയും ചെയ്യുന്നത് പഞ്ചായത്ത് രാജ് ചട്ടത്തിന്റെ ലംഘനമാണ്. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുംപ്രകാരം ഉള്ള തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 ഓഡിറ്റോറിയം, ഹാൾ വാടക- അപാകതകൾ

വാർഷിക ധനകാര്യ പത്രിക RP-3 പ്രകാരം ഓഡിറ്റോറിയം, ഹാൾ എന്നിവയുടെ വാടകയിനത്തിൽ പഞ്ചായത്തിന് 80600/- രൂപയുടെ വരവുണ്ട്. രാജാരവിവർമ്മ കമ്മ്യൂണിറ്റി ഹാൾ, ആർട്ട് ഗ്യാലറിഎന്നിവയുടെ വാടകയിനത്തിലെ വരവ് പരിശോധിക്കുന്നതിനാവശ്യമായ ആധികാരിക രേഖകൾപരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രണ്ടു ഡയറികളിലായി പ്രസ്തുത കെട്ടിടങ്ങൾ ബുക്ക് ചെയ്തതിന്റെ രേഖകളും രജിസ്റ്ററിൽ വാടകക്കാരന്റെ പേരും തുകയും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. രജിസ്റ്ററിലോ ഡയറികളിലോ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകളൊന്നും തന്നെ വരുത്തിയിട്ടില്ല. ബൈലാ, വാടകയുടെ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ളപഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് ബൈലാ ലഭ്യമല്ലായെന്നും കമ്മ്യൂണിറ്റി ഹാൾ, ആർട്ട് ഗ്യാലറിഎന്നിവ വളരെ പണ്ടു മുതൽനിലവിൽ ഉള്ളതായതിനാൽ വാടക നിരക്ക് നിശ്ചയിച്ച് കൊണ്ട് വളരെക്കാലം മുൻപു തന്നെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയും വർഷം തോറും 5% വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനം എടുത്തു വരുന്നതുമാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ നിരക്ക് സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ RP-3 പ്രകാരമുള്ള വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റോറിയം, ഹാൾ എന്നിവയുടെ വാടകയിനത്തിലെ വരവിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-21 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾലൈസൻസോടുകൂടി പ്രവർത്തിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായ്ക്കളെ വളർത്താൻ പാടില്ല. 2019-20 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1369 വളർത്തുനായ്ക്കൾ ഉള്ളതായും 34 എണ്ണത്തിന് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. നായ്ക്കളുടെ ലൈസൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ്

വരുത്തേണ്ടതാണ്.

## 1-23 വസ്തുനികുതിനിർണ്ണയം- അപാകതകൾ

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. വസ്തു നികുതി നിർണ്ണയം- ഫോറം6, ഫോറം2 എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചതിൽ യാതൊന്നിലും തന്നെ ഫോറം6, ഫോറം2 എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. എൽ.എസ്.ജി.ഡി എ.ഇയുടെ സ്ഥലപരിശോധനാറിപ്പോർട്ടാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ സഞ്ചയയിൽ വസ്തു നികുതി കൃത്യമായാണോ കണക്കാക്കിയിരിക്കുന്നത് എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 29 ന് ഏതാനും അപേക്ഷകളിൽ ഫോറം6 സൂക്ഷിച്ചിട്ടുണ്ടെന്നും വസ്തു നികുതിയുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളിലും വാർഡ് സ്റ്റാഫ് സ്ഥല പരിശോധന നടത്തിയാണ് ഡേറ്റാ എൻട്രി ചെയ്യുന്നതെന്നും ഇനി മുതലുള്ള അപേക്ഷകളിൽ ഫോറം2, ഫോറം6 എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം മാത്രം വസ്തു നികുതി ഈടാക്കേണ്ടതും ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. വസ്തു നികുതി മേഖലാ നിർണ്ണയത്തിലെ അപാകതകൾ

എ) വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അത്തരത്തിലൊരു മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 15/40 | സി.ജി. സുകുമാരൻ നായർ | പുതിയകാവ്- വിളയ്ക്കാട്ടു കോണം റോഡ് | ത്രിതീയം |
| | 15/41 | | പുതിയകാവ്- വിളയ്ക്കാട്ടു കോണം റോഡ് | ദ്വിതീയം |
| 2 | 15/80 | എസ്. ഷാജഹാൻ, | പുതിയകാവ്- വിളയ്ക്കാട്ടു കോണം റോഡ് | പ്രഥമം |
| | 15/80എ | | പുതിയകാവ്- വിളയ്ക്കാട്ടു കോണം റോഡ് | ത്രിതീയം |

| | | | | |
|---|---|---|---|---|
| 3 | 15/151എ | ഗോമതി | പുതിയകാവ്- വിളയ്ക്കാട്ടു കോണം റോഡ് | ദ്വിതീയം |
| | 15/151 | | | തൃതീയം |
| 4 | 15/345 | എസ്. പ്രകാശ് | പുതിയകാവ്- വിളയ്ക്കാട്ടു കോണം റോഡ് | തൃതീയം |
| | 15/346 | | പുതിയകാവ്- വിളയ്ക്കാട്ടു കോണം റോഡ് | ദ്വിതീയം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 ന് 17 വാർഡുകളിലും മുൻകാലങ്ങളിൽ ഡേറ്റാ എൻട്രി നടത്തിയതിലുള്ള പിശകാണ് മേഖലകൾ വ്യത്യസ്തമായി കാണുന്നതെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ സമയത്ത് പരമാവധി അപാകതകൾ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ വരുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി വിവരങ്ങൾ തിരുത്തി നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3.) 60 ച.മീ-വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയതിലെ അപാകതകൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് കെട്ടിട നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വാർഡ് 14, 15, 11 എന്നിവ പരിശോധിച്ചതിൽ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം | ഉപ നം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|
| 1 | 11 | 30 | | ശിവ പ്രസാദ്, ഉണ്ടുവിള വീട് | 55 ച.മീ |
| 2 | 14 | 129 | | സുമതി, തെങ്ങുവിള വീട് | 48 ച.മീ |
| 3 | 14 | 245 | | ദേവൻ, തേക്കുവിള വീട് | 40 ച.മീ |
| 4 | 14 | 314 | | ശിവരാമൻ, മണക്കാല വീട് | 45 ച.മീ |
| 5 | 15 | 323 | | ശ്രീധരൻ, വിളയിൽ വീട് | 55 ച.മീ |
| 6 | 115 | 178 | | കാളിയമ്പി , പറങ്കിമാം വിള വീട് | 50 ച.മീ |
| 7 | 15 | 210 | | ബാബു, കുന്നത്തു വിള വീട്, നെല്ലിക്കാട് | 50 ച.മീ |

| | | | | | |
|---|---|---|---|---|---|
| 8 | 15 | 151 | | ഗോമതി, വിളയിൽ വീട് | 40 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് മേൽ കെട്ടിടങ്ങൾകക് നികുതി ചുമത്തിയിട്ടില്ലായെന്നും നികുതി ഇളവ് അനുവദിച്ചിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സഞ്ചയ പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്തതായും കാണുന്നില്ല. 60 ച.മീ താഴെ വിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിട്ടില്ലായെങ്കിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ളനടപടികൾ സ്വീകരിച്ച്റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി

ജി.ഒ(ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗ്രഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ |
|---|---|---|
| 1 | 11/833 | കെ.ആർ. സുരേന്ദ്ര ബാബു, രാജേഷ് ഭവൻ |
| | 11/834 | |
| 2 | 11/842 | കെ. തങ്കമ്മ, തൊട്ടിവിള പുത്തൻ വീട് |
| | 11/843 | |
| 3 | 11/1067 | ഗോപിനാഥൻനായർ, ചെറുവാളിയിൽ വീട് |
| | 11/1068 | |
| | 11/1069 | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ നികുതി പിരിവ് പൂജ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഡേറ്റാ പ്യൂരിഫിക്കേഷൻ ആക്ടീവാകുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി നികുതി നിർണ്ണയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) മുൻകാല പ്രാബല്യത്തില് നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണം വാർഡ് 2 ൽ നിന്നും ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 2/27 | ശശി, ചരുവിള പുത്തന് വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 2/36 | എസ്. റസീയാബീവി, തോട്ടത്തിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 3 | 2/67 | നസീമാബീവി, അനീസാ മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 2/69 | ജസീനാബീവി, ജെ. എം മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 2/162 | ജലജ. ആർ, മനീഷാമന്ദിരം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 2/163 | രാഘവൻ, മോഹനമന്ദിരം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 2/164 | കൊച്ചൻ, ചരുവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിച്ച മാത്രം വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

4)മിസ്സിംഗ് ബിൽഡിംഗ്- അപാകത

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ ഓരോ വാർഡിലും 'മിസിംഗ് ബിൽഡിംഗ് ' ആയി ആകെ 1035155175 കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ചില വാർഡുകളിൽ വളരെയധികം കെട്ടിടങ്ങൾ മിസിംഗ് ബിൽഡിംഗ് ഉൾപ്പെടുത്തിയിരിക്കുന്നു. ഏതാനും വാർഡുകളിലെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | മിസിംഗ് ബിൽഡിംഗുകളുടെ എണ്ണം |
|---|---|
| 1 | 285284484 |
| 3 | 133132457 |
| 7 | 140576 |
| 15 | 258645 |
| 16 | 615614748 |
| 17 | 667865 |

ഇത്രയധികം കെട്ടിടങ്ങൾ മിസ്സിംഗ് ബിൽഡിംഗുകളുടെ ഗണത്തിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം, അവയ്ക്ക് നികുതി നിർണയിച്ച് ഈടാക്കാത്തതിനുള്ള കാരണം,കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ,മിസ്സിംഗ് ബിൽഡിംഗുകളുടെ വിഷയത്തിൽ ഇതുവരെ സ്വീകരിച്ച തുടർ നടപടികൾ എന്നിവ രാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 ന് ലഭ്യമാക്കിയ മറുപടിയിൽ ഡേറ്റാ എൻട്രി സമയത്ത് സംഭവിച്ച അപാകത കൊണ്ടായിരിക്കാം ഇപ്രകാരം സംഭവിച്ചതെന്നും ഐ.കെ.എംമായി ബന്ധപ്പെട്ട് നടപടികൾ

സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനകൾ നടത്തി അപാകതകൾ പരിഹരിക്കേണ്ടതും തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

5)ഡിമോളിഷ്ഡ് ബിൽഡിംഗ് അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ കെട്ടിടങ്ങൾ പൊളിച്ച് നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | പേര് | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് | ഒരു അർദ്ധവർഷത്തേക്ക് ഡിമാന്റ് ചെയ്തിട്ടുള്ള നികുതി |
|---|---|---|---|---|---|---|
| 1 | A2-7280/19 /1.11.19 | 4/2 | തങ്കമ്മ | വാണിജ്യം | 2019 ആദ്യ അർദ്ധ വർഷം | 588 |
| 2 | A2-6618/19 /1.11.19 | 4/4 | തങ്കമ്മ | വാണിജ്യം | 2019 ആദ്യ അർദ്ധ വർഷം | 336 |
| 3 | A-10-8124/19 /28.11.19 | 4/5 | തങ്കമ്മ | വാണിജ്യം | 2019 ആദ്യ അർദ്ധ വർഷം | 336 |
| 4 | 5192/22.7.19 | 12/801 | എ. ജമാല്യദ്ദീൻ | വാണിജ്യം | 2019 ആദ്യ അർദ്ധ വർഷം | 103 |

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണവും നികുതി ഒഴിവാക്കിയതിന്റെ അപേക്ഷയും, ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6) ഫോറം6 ഇല്ലാതെ ഡേറ്റാപ്യൂരിഫിക്കേഷൻ നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് ഫോറം6 പ്രകാരം വിവരശേഖരണം നടത്തിയിട്ടുള്ള കെട്ടിടങ്ങളിൽ ഡേറ്റാ പ്യൂരിഫിക്കേഷൻവേളയിൽ തിരുത്തൽ വരുത്തിയിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മറുപടിയുടെ ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം മാത്രം ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തുന്നതിനും ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7. സേവന ഉപനികുതി ഈടാക്കിയിട്ടില്ല

2011ലെ കേരള പഞ്ചായതത് രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ്

207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് സേവന ഉപനികുതി ചുമത്തിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

8. 60 ച.മീ കൂടുതൽവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി നിർണ്ണയം നടത്തിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. വാർഡ് 16,15,1 എന്നിവ മാത്രം പരിശോധിച്ചതിൽ ഉദാഹരണം ചുവടെ

| വാർഡ്/കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം |
|---|---|---|
| 16/117 | കെ. രമേശൻ നായർ, നന്ദനം | 75 ച.മീ |
| 16/154 | ജി. രാജൻപിള്ള, തടത്തിൽ പുത്തൻവീട് | 146ച.മീ |
| 16/322 | വള്ളി, തോപ്പു വിള പുത്തൻവീട്. | 138 ച.മീ |
| 1/210 | രഘു.ജി, കൈലാസം | 81 ച.മീ |
| 1/649 | ഭാർഗവൻ,വി.എസ് ഭവൻ | 70 ച.മീ |
| 15/81 | സദാശിവൻ, പുതുവൽ വിള വീട് | 76ച.മീ |
| 15/156 | ജെ.എം. ഫിറോസ്ഖാൻ, ഷീന ഭവൻ | 70 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന് ലഭ്യമാക്കിയ മറുപടിയിൽകെട്ടിടങ്ങൾ സ്ഥലപരിശോധന നടത്തി ഘടനാപരമായ മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിൽ നികുതി പുനർ നിർണ്ണയിക്കുനനതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. . 60 ച.മീ കൂടുതൽവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി നിർണ്ണയം നടത്താത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. മുഴുവൻ വാർഡുകളിലേയും ഇപ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടെത്തേണ്ടതും നികുതിനഷ്ടം സംഭവിക്കുന്നില്ലായന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

9.പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ വാർഡ് 10, 7 എന്നിവയിലെ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിട

നമ്പരുകളിൽ വാണിജ്യാവശ്യത്തി ന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് ആവശ്യകത | സഞ്ചയ ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 10/973 | അരുൺ | പെർഫക്ട് സലൂൺ&സ്പാ | പാർപ്പിടം |
| 2 | 7/99 | മുഹമ്മദ് റാഫി | സ്റ്റാർ ബേക്കറി | പാർപ്പിടം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മഴവൻ വാർഡുകളിലേയും ഇപ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടെത്തേണ്ടതും നികുതിനഷ്ടം സംഭവിക്കുന്നില്ലായന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

10.മൊബൈൽ ടവർ - വസ്തു നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്ന് 2019-20 സാമ്പത്തിക വർഷം വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു.(ഓഡിറ്റ് എൻക്വയറി നം. 9)

| ടവറിന്റെ വിവരം | വാർഡ്നം/കെട്ടിടനം. | വിസ്തീർണ്ണം | 2019-20 വർഷത്തേയ്ക്ക് ഡിമാന്റ് തുക | ഒടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 2/8എ | 20ച.മീ | 7350 | 7350 |
| ബി.എസ്.എൻ.എൽ | 4/469 | 20ച.മീ | 11550 | 11550 |
| ഡിസ്റ്റെറ്റ് വയർലെസ്സ് ലിമി. എയർടെൽ | 13/696എ | 15.67ച.മീ | 9050 | 9050 |
| റിലയൻസ് ഇൻഫോകോം ലിമി | 16/21എ | 20ച.മീ | 10500 | 10500 |
| ഇൻഡ്യൻ ടെലികോം ഇൻഫ്രാ ലിമി | 17/457എ | 10ച.മീ | 5250 | 5250 |

വസ്തു നികുതിയിനത്തിൽ മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 75,905/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ഇതുവരെയും തിരികെ ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 13/12.10.2021ന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഇനത്തിൽ 1,01,138/-രൂപ ലഭിക്കാനുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫോറ വിലയിനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുവാനുള്ള തുക പൂർണ്ണമായും ലഭ്യമാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ- കിലെയിൽ നിന്ന് തുക പൂർണ്ണമായും റീക്ലൂപ്പ് ചെയ്തില്ല

വൗച്ചർ പരിശോധിച്ചതിൽ ദുരന്ത നിവാരണ ആസൂത്രണരേഖ തയ്യാറാക്കാൻ പരിശീലനങ്ങൾ കില സംഘടിപ്പിച്ചതിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക കിലെറീ ക്ലൂപ്പ് ചെയ്യുന്നതാണെന്ന് കിലെയുടെ കത്തിൽ പരാമർശിച്ചിട്ടുണ്ട്. താഴെപ്പറയുന്ന വൗച്ചർ പ്രകാരം തനത് ഫണ്ടിൽനിന്നും മേൽപരാമർശിച്ച ആവശ്യങ്ങൾക്കായി ചെലവഴിച്ച തുക പൂർണ്ണമായുംറീക്ലൂപ്പ് ചെയ്തിട്ടില്ല.

| വൗച്ചർ നം./;ചെക്ക് നം. | തുക |
|---|---|
| 21901316/6.2.2020 | 1150 |
| 21901320/6.2.2020 | 1150 |
| 21901330/7.2.2020 | 1150 |
| 21901335/7.2.2020 | 1150 |
| 21901336/7.2.2020- | 5000 |
| 2190341/12.2.2020 | 3150 |
| 21901348/12.2.2020 | 24000 |
| 21901352/12.2.2020 | 2460 |
| 21901350/12.2.2020 | 630 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 58 ന് 39840/- രൂപയിൽ 38941/- രൂപ 31.3.2020ൽ റീക്ലൂപ്പ് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുക കൂടി റീക്ലൂപ്പ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ജീവനക്കാരുടെ എസ്.എൽ.ഐ വിഹിതം തുക കുറവായി ഈടാക്കിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും G.O (P) 149/16 /Fin Dated 4.10.2016, ഉത്തരവിനനുസൃതമായി അടിസ്ഥാന ശമ്പളത്തിനും ശമ്പള സ്കെയിലിനും ആനുപാതികമായല്ല എസ്.എൽ.ഐ പ്രീമിയം ഈടാക്കിയിരിക്കുന്നത്. ഉദാഹരണമായി 2020 ജനുവരി മാസത്തെ എസ് .എൽ.ഐ പ്രീമിയം ഈടാക്കിയതിൽ (വൗച്ചർ നം. 21901090/1.1.2020) താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും കുറവായാണ് തുക ഈടാക്കിയത്.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ഒടുക്കേണ്ട കുറഞ്ഞ തുക | ഒടുക്കിയത് | കുറവ് |
|---|---|---|---|---|
| കനകമണി.ബി (അസി.സെക്രട്ടറി) | 45800 | 500 | 300 | 200 |
| സുനിൽ. പി(ജൂനിയർ സൂപ്രണ്ട്) | 40500 | 500 | 100 | 400 |
| പ്രസാദ്. എൻ(ജൂനിയർ സൂപ്രണ്ട്) സീ.ക്ലർക്ക് | 39500 | - | 500 | 500 |
| അരുൺകുമാർ ജി ലൈബ്രേറിയൻ | 27800 | 300 | 150 | 150 |

| | | | | |
|---|---|---|---|---|
| അനിൽ കുമാർ ഇ.കെ ഓഫീസ് അസിസ്റ്റൻറ് | 28500 | 300 | 150 | 150 |
| എസ്.ഗീതാകുമാരി (ഫുൾ ടൈം സ്വീപ്പർ) | 23400 | 300 | 250 | 50 |
| ഖദീജാ ബീവി (ഫുൾ ടൈം സ്വീപ്പർ) | 23400 | 300 | 250 | 50 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 46ന് ശ്രീമതി കനകമണി, ശ്രീ സുനിൽ.പി, പ്രസാദ് .എൻ,അനിൽകുമാർ. ഇ.കെ എന്നിവർ സ്ഥലം മാറ്റംലഭിച്ച് പോയിട്ടുണ്ടെന്നും എസ്.എൽ.ഐ പ്രീമിയം അഡീഷണൽപോളിസി എടുക്കുന്നതിന്അവർ ജോലി ചെയ്യുന്ന ഓഫീസിൽ അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി ഖദീജാബീവി,ഗീതാകുമാരി.എസ് എന്നിവർ 31.5.2023ൽ സർവീസിൽ നിന്നും വിരമിക്കുന്നവരാണെന്നും ശ്രീ.അരുൺകുമാർ.ജി (ലൈബ്രേറിയന്) അഡീഷണൽ പോളിസി എടുക്കുന്നതിന് അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | എസ് 0027 /20 പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 312500/- |
| ചെലവ് തുക | 312500/- |
| ബിൽ നം തീയതി | 4/19-20, 28.10.19, 293750/-<br>7/19-20, 18.12.19, 18750/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിയിൽ 50 ഗുണഭോക്താക്കൾക്ക് കാലിതീറ്റ വിതരണത്തിനായി 6250/- രൂപ വീതം 312500/ -(വികസനഫണ്ട് ) രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ പേർക്ക് നല്കിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 64/22.1.21) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-28 എ ബി സി പ്രോഗ്രാം - അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക- 315000/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | എസ് 0053 /20 എ ബി സി പ്രോഗ്രാം |
| അടങ്കൽ തുക | 315000 |
| ചെലവ് തുക | 315000 |
| ബിൽ നം തീയതി | 1/19-20, 26.7.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

എ ബി സി പ്രോഗ്രാമിന്റെ ഭാഗമായി തെരുവ് നായ്ക്കളെ വന്ധീകരിക്കുന്നതിനും തീറ്റ, ട്രാൻസ്പോർട്ടേഷൻ,മരുന്ന്, ശുശ്രൂക്ഷ എന്നിവയ്ക്കുമായി 2100/- രൂപ വീതം 150 നായ്ക്കൾക്കായി 315000/- രൂപ കുടുംബശ്രീ ജില്ല മിഷന് കൈമാറിയിട്ടുണ്ട്. പിടിക്കപ്പെട്ട നായ്ക്കളുടെ എണ്ണം നായ്ക്കളെ വന്ധ്യംകരിച്ചത്, തീറ്റ, ട്രാൻസ്പോർട്ടേഷൻ, മരുന്ന്, ശുശ്രൂക്ഷ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം62, 21.10.21 ) കുടുംബശ്രീയിൽ നിന്നും രേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 3,15,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ പദ്ധതി- കരാറിൽ ഏർപ്പെടാതെ കെ.എസ്.ഇ.ബിയ്ക്ക് മുൻകൂർ തുക നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര് | ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 106/20 |
| അടങ്കൽ | 1,49,000/-<br>തനത് ഫണ്ട് |
| ചെലവ് | 1,22,829/- |
| ബിൽ നം/വൗച്ചർ നം | 1015/04.12.19 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 1,22,829/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്.

സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 21തീയതി 13.10.21ന്റെ മറുപടിയായി കെ.എസ്.ഇ.ബിയിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കൃത്യമായ കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 വാട്ടർ അതോറിറ്റി - ഡിപ്പോസിറ്റ് പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

2019-20 വർഷം കേരള വാട്ടർ അതോറിറ്റിയിൽ തുക ഡിപ്പോസിറ്റ് ചെയ്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക | വിനിയോഗ വിവരം |
|---|---|---|---|
| 107/20 | കുന്നമ്മേൽ റ്റി വി കിയോസ്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,99,300/- ബിൽ നം. 18/19-20, 21.8.19 | 3,21,323/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. 7,79,77/- രൂപ വാട്ടർഅതോറിറ്റിയിൽ ബാക്കി നിൽപ്പുണ്ട്. |
| 112/20 | കാനാറ ആറ്റാർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 5,00,000/- ബിൽ നം. 23/19-20, 4.10.19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 195/20 | മുളംകുന്ന് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4,00,000/- ബിൽ നം15/19-20, 16.8.19 | 3,24,544/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. 75,456/- രൂപ വാട്ടർഅതോറിറ്റിയിൽ ബാക്കി നിൽപ്പുണ്ട്. |
| 197/20 | നെടുമ്പച്ച പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2,13,500/- ബിൽ നം.22/19-20, 25.9.19 - 64,000/- 767/24.9.19 - 149500/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 233/20 | പുതിയകാവ് ചെവളമഠം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,00,000/- ബിൽ നം. 27/19-20, 17.10.19 | 2,46,884/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. 53,116/- രൂപ വാട്ടർഅതോറിറ്റിയിൽ ബാക്കി നിൽപ്പുണ്ട്. |
| 234/20 | അടയമൺ എൽ പി സ്കൂൾ പൈപ്പ് ലൈൻ കണക്ഷൻ | 30,000/- ബിൽ നം. 28/19-20, 17.10.19 | 23,042/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. 6958/- രൂപ വാട്ടർഅതോറിറ്റിയിൽ ബാക്കി നിൽപ്പുണ്ട്. |
| 196/20 | പഴയകുന്നമ്മേൽ ബസ്സ് സ്റ്റാൻഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 49,600/- ബിൽ നം. 823/4.10.19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 223/20 | വട്ടലിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 92,196/- ബിൽ നം. 08/19-20, 26.7.21 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 194/20 | വടക്കുംപുറം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,97,400/- ബിൽ നം. 8/19-20, 21.8.19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ പദ്ധതികൾക്കൊന്നിനും വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ ഇനം തിരിച്ച് റേറ്റ് നൽകിയിട്ടില്ല. ആയതിനാൽ സെന്റേജ്ചാർജ്ജിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പ്രവൃത്തി ആരംഭിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നുള്ള വിവരം ഫയലിൽ നിന്നും ലഭ്യമല്ല. ഡിപ്പോസിറ്റ് പ്രവ്യത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതുണ്ട്. അപ്രകാരം മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം 25തീയതി 13.10.21ന് മറുപടിയായി 4 പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി പദ്ധതികൾക്കായി കൈമാറിയ തുകകളുടെ വിനിയോഗവിവരം, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ ബാക്കി നിൽക്കുന്ന തുകകൾ തുടർ പദ്ധതികളിൽ ക്രമീകരിക്കുന്നതിനോ തിരികെ ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 എൽ പി, യു പി - എസ് സി കുട്ടികൾക്ക് പഠനവീട് പദ്ധതി (2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-59 തുടർച്ച )

| | |
|---|---|
| പദ്ധതിയുടെ പേര് | എൽ പി, യു പി - എസ് സി കുട്ടികൾക്ക് പഠനവീട് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 17/20 |
| അടങ്കൽ | 1,64,700/-<br>വികസനഫണ്ട് എസ് സി പി |
| ചെലവ് | 53,600/- |
| ബിൽ നം/വൗച്ചർ നം | 08/19-20 , 19.8.19 – 28800/-<br>11/19.20, 10.10.19 - 24800/- |

പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത് 2019-20 വർഷം നടപ്പിലാക്കിയ പ്രസ്തുത പദ്ധതി 14.11.19ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം അനുസരിച്ച് നിർത്തിയിരുന്നു. 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-59 പരാമർശം പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലാണ് പദ്ധതി നിർത്തലാക്കിയത്. 2019-20 വർഷം പ്രസ്തുത പദ്ധതിയ്ക്കായി 53,600/- രൂപ ചെലവാക്കിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നം 23തീയതി 13.10.21ന്റെ മറുപടിയിൽ പദ്ധതിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കെ എസ് റ്റി പി കൈമാറിയ തെരുവുവിളക്കുകളുടെ മെയിന്റനൻസ് പദ്ധതി- നടപടി ക്രമങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കെ എസ് റ്റി പി കൈമാറിയ തെരുവുവിളക്കുകളുടെ മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 243/20 |
| അടങ്കൽ | 2,50,000/- |
| ചെലവ് | 2,48,012/-(തനത്ഫണ്ട്) |
| ബിൽ നം/വൗച്ചർ നം | 1310/12.2.20 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 2,48,012/- രൂപ ചെലവാക്കിയിട്ടുണ്ട്. കെ എസ് റ്റി പി കൈമാറിയ 64സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുക, റിപ്പയർ ചെയ്യാനാവാത്തത് മാറ്റി സ്ഥാപിക്കുക എന്നതായിരുന്ന പദ്ധതി. ലഭിച്ച 3 ടെണ്ടറുകളിൽ നിന്നും തെരഞ്ഞെടുത്ത മാത്യു ജോസഫ് ആന്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനവുമായി ഏർപ്പെട്ട കരാറിലെ ഖ. 5 പ്രകാരം ഇലക്ട്രിക് പോസ്റ്റ് നം രേഖപ്പെടുത്തി ലൊക്കേഷൻ മാപ്പ് സഹിതം വാർഡ് മെമ്പർമാർ കരാറുകാരന്റെ പ്രവൃത്തി സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കരാർ തുക നൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കുന്നു. എന്നാൽ സാക്ഷ്യപത്രം ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്. എത്ര ലൈറ്റുകൾ റിപ്പയർ ചെയ്തു, എത്ര എണ്ണം മാറ്റി എന്ന് രേഖപ്പെടുത്തിയിട്ടില്ല. അംഗീകൃത കമ്പനികളുടെ ബൾബുകളാണോ ഉപയോഗിച്ചത്, ISI നിലവാരത്തിലുള്ളതായിരുന്നോ, കേടായ സാധനങ്ങൾ തിരികെ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുണ്ടോ എന്നതൊന്നും വ്യക്തമല്ല. കരാറുകാരന്റെ ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തികരണസാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം 22തീയതി 13.10.21ന്റെ മറുപടിയിൽ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് രജിസ്റ്ററുകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയും സൂക്ഷിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-33 തെരുവുവിളക്കുകളുടെ മെയിന്റനൻസും സാധനം വാങ്ങലും പദ്ധതി-പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്കുകളുടെ മെയിന്റനൻസും സാധനം വാങ്ങലും |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 95/20 |
| അടങ്കൽ | 5,75,778/- |
| ചെലവ് | 1,25,550 |
| ബിൽ നം/വൗച്ചർ നം | 213/23.5.19-48050<br>11/19-20 /26.7.19-26350<br>31/19-20 /16.12.19-34100<br>42/19-20 /12.3.20-17050 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 1,25,550/- രൂപ ചെലവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലേയും തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി ശ്രീ സലിം എന്നയാളെ തിരഞ്ഞെടുത്തതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കരാറുകാരനെ തിരഞ്ഞെടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റേയും മറ്റും വിവരങ്ങൾ ലഭ്യമല്ല. കരാറുകാരന്റെ യോഗ്യത, ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസിന്റെ പകർപ്പ്, ഇൻഷ്വറൻസ്, കരാർ മുതലായ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ വാങ്ങിയിട്ടുണ്ടോ, ലൈറ്റുകളുടെ എണ്ണം, കേടായ സാധനങ്ങൾ തിരികെ നൽകിയിട്ടുണ്ടോ എന്നൊന്നും വ്യക്തമല്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലതകളിൽ ഉൾപ്പെടുന്നതാണ് തെരുവുവിളക്കുകളുടെ പരിപാലനം. അതിനാൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരനെ തിരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് പദ്ധതി നിർവ്വഹിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം 34 തീയതി 16.10.21ന് ലഭ്യമാക്കിയ മറുപടി പ്രകാരം ലൈസൻസിന്റെ പകർപ്പ് മാത്രം ഹാജരാക്കിയിട്ടുണ്ട്. കരാറിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും

ഫയലിൽ കരാറിന്റെ പകർപ്പ് സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല. നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയും സൂക്ഷിക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങളും രേഖകളും ഉൾപ്പെടുത്തി ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-34 ലൈഫ് ഭവന പദ്ധതി അവലോകനം

1. ലൈഫ് ഭവന പദ്ധതി (ജനറൽ)

നിർവ്വഹണഉദ്യോഗസ്ഥൻ - വി ഇ ഒ, സർക്കിൾ 1

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 780000 | 320000 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | |
| ബ്ലോക്ക് പഞ്ചായത്ത് | | |
| ജില്ലാ പഞ്ചായത്ത് | 524197 | - |
| മറ്റിനം (വായ്പ) | | |
| ആകെ | 1304197 | 320000 |

2. ലൈഫ് ഭവന പദ്ധതി (എസ് സി)

നിർവ്വഹണഉദ്യോഗസ്ഥൻ - വി ഇ ഒ, സർക്കിൾ 2

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 1126695 | 1000000 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 1800000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | 1000000 |
| ജില്ലാ പഞ്ചായത്ത് | 528229 | - |
| മറ്റിനം (വായ്പ) | 2745076 | - |
| ആകെ | 7200000 | 2000000 |

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃപട്ടിക അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷം പുതുതായി ആർക്കും ആനുകൂല്യം നൽകിയിട്ടില്ല. 2018-19 വർഷം കരാർ വച്ച ജനറൽ വിഭാഗത്തിൽ 42 പേരും എസ് സി വിഭാഗത്തിൽ 26 പേരും ഉൾപ്പെടെ 62 ഗുണഭോക്താക്കളും നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിനു കീഴിൽ ആകെ 62 ഗുണഭോക്താക്കൾക്ക് മാത്രമാണ് ലൈഫ് ഭവനപദ്ധതിപ്രകാരം ആനുകൂല്യം നൽകിയിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1052426/-രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടായി ലഭിച്ച 1800000/-രൂപയും ചെലവാകാതെ പാഴായിപ്പോയിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം കുറവായതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 59 തീ 21.10.21 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അർഹരായവർ ഇല്ലാത്തതു കൊണ്ടാണ് എണ്ണം കുറഞ്ഞത് എന്ന് വിശദമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നറിയുന്നതിനായി ആനുകൂല്യ വിതരണ രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്നും മുമ്പ് ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് പല ഗുണഭോക്താക്കളും ഹാജരാക്കിയിട്ടില്ല.

മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്.

ഗ്രാമ പഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഭവനനിധി രൂപീകരിക്കാവുന്നതാണ്.

മോണിറ്ററിംഗ്

2018-19ൽ കരാർ വച്ച പല ഗുണഭോക്താക്കളും 2021 ലാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വീട് വാസയോഗ്യമാക്കൽ പദ്ധതി - നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ട് നമ്പർ | 224/20 |
| അടങ്കൽ | 50,000/-<br>വികസനഫണ്ട് ജനറൽ |
| ചെലവ് | - |

വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതിക്കായി 50,000/- രൂപ അടങ്കൽ തുകയായി പ്രോജക്ട് സ്പിൽ ഓവറായി 2019-20ൽ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ തൻവർഷവും തുക ചെലവാക്കിയിട്ടില്ല.

സ്പിൽ ഓവർ പദ്ധതി തുക ചെലവഴിക്കാത്തതിനു കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 1 തീ 11.10.21ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 വർഷത്തെ 72/19നം പ്രോജക്ടിന്റെ ഭാഗമായി 17 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം അഡ്വാൻസ് നൽകുകയും 16 പേർ 2018-19ൽ തന്നെ വീട് വാസയോഗ്യമാക്കി ബാക്കി തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീമതി.ശകുന്തള, ദേവപുരം വീട്, ചിറ്റിലഴികം കരാർ പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂരത്തിയാക്കിയിട്ടില്ല. സ്പിൽ ഓവർ പദ്ധതി പ്രകാരം പണി പൂർത്തിയാക്കുവാൻ ഗുണഭോക്താവിന് നിർദ്ദേശം നൽകിരുന്നുവെങ്കിലും ക്യാൻസർ രോഗബാധിതയായി ചികിൽസയിൽ ആയതിനാലാണ് സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൽ സാധിക്കാതെ പോയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെ സേവനം ഉറപ്പ

വരുത്തി വീട് വാസയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## 1-36 തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം- പദ്ധതി ഉപേക്ഷിച്ച നിലയിൽ- ചെലവുതുക 3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 180/20 |
| പ്രോജക്റ്റിന്റെ പേര് | സ്കൂളുകളിൽ തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം |
| അടങ്കൽ തുക | 15,00,000/-(കേന്ദ്രാവിഷ്കൃത ഫണ്ട്-12,00,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്- 3,00,000/-) |
| ചെലവു തുക | 3,00,000/-(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെക്ക് നമ്പർ | 3056464/22.10.2019 |
| കരാർ നം | AG No.59/AE/LSGD/PKML/2018-19 Dated 08.03.19 |
| നിർവ്വഹണ ഏജൻസി | Integraged Rural Technology Centre |
| എം ബുക്ക് | 48/19-20 |

ഗ്രാമ പഞ്ചായത്തിലെ ആറ് സ്കൂളുകളിൽ തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് പദ്ധതി രൂപകൽപന ചെയ്തിരുന്നത്. കരാർ കാലാവധി 6 മാസമായിരുന്നു. അടങ്കൽ തുകയുടെ ഒന്നാം ഗഡുവായ 3,00,000/- രൂപയിൽ 2,85,000/- രൂപ (നികുതികൾ കുറച്ച്) നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 2018-19ൽ ആരംഭിച്ച പ്രവൃത്തി ഇതു വരെയും പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ നിന്നും , 27.08.2021 ലെ കത്ത് പ്രകാരം 6 സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി IRTC ക്ക് തുക കൈമാറിയെങ്കിലും കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവത്തി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നും ആയതിനാൽ എത്രയും പെട്ടെന്ന് സപ്ലിമെന്ററി കരാർ വച്ച് കരാർ പുതുക്കി പ്രവൃത്തി പൂർത്തീകരിക്കണമെന്ന് 27.08.2021 ലെ കത്തു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഏജൻസിയോട് ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ ഇതുവരെയും നിർവ്വഹണ ഏജൻസിയുമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ട് കരാർ പുതുക്കിയിട്ടില്ല. പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ അഡ്വാൻസ് കൊടുത്തതു സംബന്ധിച്ച് മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്. കരാർ വ്യവസ്ഥ പ്രകാരം 07.09.2019 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാർ വ്യവസ്ഥ ലംഘിച്ചതിന് നിർവ്വഹണ ഏജൻസിക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.15/12.10.2021)ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി ഉപേക്ഷിച്ചിട്ടില്ല എന്നും പാപ്പാല എൽ.പി.എസിൽ 90% വും കിളിമാനൂർ യു.പി.എസിൽ 30% വും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും കരാർ ഉടമ്പടി പ്രകാരം അഡ്വാൻസ് തുകയുടെ 80% നിർമ്മാണ പൂർത്തീകരണത്തിന് ശേഷം മാത്രമാണ് രണ്ടാമത്തെ ഗഡു നൽകുന്നതിനുള്ള വ്യവസ്ഥയെന്നും ആദ്യ ഗഡു തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സർട്ടിഫിക്കറ്റും സമർപ്പിച്ചിട്ടില്ലാ എന്നും സ്കിൽഡ് തൊഴിലാളികളുടെ അഭാവവും കോവിഡ് മൂലം താമസസൗകര്യങ്ങളുടെ ലഭ്യതകുറവു കാരണമാണ് പദ്ധതി വൈകിയത് എന്നും പദ്ധതി 2020-21ലും 2021-22 ലും സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ IRTC സപ്ലിമെന്ററി കരാറിൽ ഏർപ്പെടാത്ത പക്ഷം ഇതു വരെ ചെയ്ത പ്രവത്തിയുടെ ബിൽ തുക കണക്കാക്കി കൊടുത്തതിന് ശേഷം സ്ഥാപനത്തെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കി ബാക്കിയുള്ള പ്രവൃത്തിക്ക് നടപ്പ് വർഷം തന്നെ ഒരു പുതിയ ടെണ്ടർ ക്ഷണിച്ച് ശേഷിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കുന്നതാണ് എന്ന അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.





പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്നതു വരെ ഇതു വരെയുള്ള ചെലവുതുകയായ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. സ്കൂളുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം പൂർത്തീകരിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2019-20സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ പോലും ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/11.10.2021)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് കാരണം പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ 2019-20ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണംനടത്തിയ 51 പ്രവൃത്തികളിൽ ചുവടെ പറയുന്ന 19 പ്രവൃത്തികൾ എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തേണ്ടതായി വന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 165/20 | പഞ്ചായത്ത ഓഫീസ് നവീകരണം- സെർവർ റൂസ സജ്ജീകരിക്കൽ |
| 2 | 146/20 | ജെണ്ടർ റിസോഴ്സ് സെന്റർ |
| 3 | 171/20 | തൊളിക്കുഴി SVLPSൽ ടോയ്ലറ്റ് |

| | | |
|---|---|---|
| | | നിർമ്മാണം |
| 4 | 212/20 | പറണ്ടക്കുഴി അംഗൻവാടി പുനരുദ്ധാരണം |
| 5 | 32/20 | വല്ലൂർ മറവക്കുഴി റോഡ് കോൺക്രീറ്റ് |
| 6 | 59/20 | ചെവളമഠം ഏറത്ത് റോഡ് കോൺക്രീറ്റിംഗ് |
| 7 | 154/20 | ആരാധനാ അംഗൻവാടി പുനരുദ്ധാരണം |
| 8 | 49/20 | പുലിയം ചെറുനാരകംകോട് റോഡ്കോൺക്രീറ്റ് |
| 9 | 150/20 | പോളച്ചിറ റോഡ് കോൺക്രീറ്റും സ്റ്റെപ്പ് നിർമ്മാണവും |
| 10 | 148/20 | സരള ഹോസ്പിറ്റൽ മാടൻനട റോഡ് പുനരുദ്ധാരണം |
| 11 | 183/20 | മഠത്തിൽക്കുന്ന് അംഗൻവാടി നിർമ്മാണം |
| 12 | 149/20 | മടപ്പിലാംകോണം കലുങ്ക് നിർമ്മാണം |
| 13 | 16820 | പാപ്പാല അമ്മൻകോവിൽ റോഡ് കോൺക്രീറ്റ്(ബാക്കി ഭാഗം) |
| 14 | 162/20 | പാപ്പാല വെട്ടിയിട്ടകോണം റോഡ് റീടാറിംഗ് |
| 15 | 157/20 | തൊട്ടിവിള മിച്ചഭൂമി ചാവേറ്റിക്കാട് രണ്ടാം ഘട്ടം പുനരുദ്ധാരണം |
| 16 | 161/20 | കുഴിവിള ഇരപ്പിൽപ്പാലം രണ്ടാം ഘട്ടം |
| 17 | 147/20 | കൃഷി ഓഫീസ് അനുബന്ധപ്രവൃത്തികളും ആത്മ സെന്ററും |
| 18 | 182/20 | പയറ്റുവിള പുലിയം റോഡ് പുനരുദ്ധാരണം |
| 19 | 184/20 | പയറ്റുവിള പുലിയം കലുങ്ക് നിർമ്മാണം |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 42/18.10.2021ന് ലഭ്യമാക്കിയ മറുപടിയിൽ വിവധ കാരണങ്ങളാൽ പ്രസ്തുത പദ്ധതികൾ റിവൈസ് ചെയ്തതെന്നും ആയതിന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ വിവിധ തീരുമാനങ്ങൾ പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിച്ചു. 2019-20ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ 37.25% പ്രവൃത്തികൾ എസ്റ്റിമെറ്റുകൾ പുതുക്കി നിർവ്വഹണം നടത്തിയത് പദ്ധതിയുടെ മുന്നൊരുക്കത്തിലെ ജാഗ്രത കുറവാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-39 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഴയകുന്നമ്മേൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (41/18.10.21) ആസ്തി രജിസ്റ്റർ കാലികമാക്കി വരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-40 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 2/11.10.2021) ലഭ്യമാക്കിയ മറുപടിയിൽ 2018 ഒക്ടോബർ 25 ന് ചേർന്ന ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ മെയിന്റനൻസ് ഫണ്ട വിനിയോഗിച്ച് തയ്യാറാക്കേണ്ട പദ്ധതികൾ ചർച്ച ചെയ്ത് തീരുമാനിച്ചതായി നിർവ്വഹണോദ്യോഗസ്ഥരുടെ യോഗങ്ങളുടെ മിനിട്സ് രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ മേൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 1-41 ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 2019-20 ൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്നും 6.10.2021 ലെ കമ്മിറ്റി തീരുമാന പ്രകാരം ദുരിതാശ്വാസ നിധി അക്കൗണ്ട് ആരംഭക്കിന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതു പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ത.സ്വ.ഭ.വ.നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികണ ടീമിന്റെ (Emergency Response Team)രൂപീകരണം.

2) ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം.

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പിന്റെ രൂപികരണവും പ്രവർത്തനവും.

4) ദുരന്തനിവാരണ പദ്ധതി രൂപീകരണ, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

പ്രസ്തുത പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (39/16.10.2021) മറുപടിയോ അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശം പാലിച്ച് നടപ്പാക്കേണ്ടതും രേഖകൾ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-43 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൽ പാലിക്കേണ്ടതാണ്

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഗ്രാമ

പഞ്ചായത്തിന് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും തന്നെയില്ല. കൂടാതെ വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 16.01.2019 നടന്ന പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങളുടെ രേഖപ്പെടുത്തൽ (പേജ് നം. 64&65) അപൂർണ്ണമാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 55/20.10.2021)ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി രൂപീകരണത്തിന്റെ ആദ്യ ഘട്ടത്തിൽ ഘടക സ്ഥാപനങ്ങൾക്ക് ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ച് വാർഷിക പദ്ധതിയിൽ തുക വകയിരുത്തുകയും ബജറ്റിന്റെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2000-01 മുതൽ 2018-19 വർഷം വരെയുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലായി 161 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു. വിശദാംശം 4-10 ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 14.01.2020 തീയതിയിലെ കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2047/2019 പ്രകാരം പുറപ്പെടുവിച്ചിരുന്നു. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 15(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1) എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഗ്രാമ പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടില്ല. 6.08.2021 ൽ മറുപടി സമർപ്പിച്ചതായി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 57 ന് മറുപടി നൽകിയിട്ടുണ്ട്. തീർപ്പാക്കാനവശേഷിക്കുന്ന 2000-01 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | | | | | |
| ജില്ലാ പഞ്ചായത്ത് | 2019-20(Direct) | 102000 | 94/20 കേദാരം സമഗ്ര നെൽകൃഷി വികസനം | 102000 | 0 |
| | | 41000 | ക്ഷീര സമദ്ധി- പാൽ സബ്സിഡി | 41000 | 0 |
| | | 317625 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 317625 | 0 |
| | | 283118 | ലൈഫ് (എസ്.സി.) | 243118 | 40000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 102000 | 94/20 കേദാരം സമഗ്ര നെൽകൃഷി വികസനം | 102000 | 0 |
| | | 100000 | പാൽ സബ്സിഡി | 100000 | 0 |
| | | 350000 | വനിതാ കർഷകർക്ക് പാൽ സബ്സിഡി | 310775 | 39225 |
| | | 349125 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 349125 | 0 |
| | | 15000 | തരിശ് കൃഷി ഭൂമി | 15000 | 0 |
| | | 1000000 | ലൈഫ് മിഷൻ | 1000000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 197/20 നെടുമ്പച്ച കുടിവെള്ള പദ്ധതി എക്സ്റ്റൻഷൻ | 213500 | 0 | 213500 |
| | 196/20 പഴയകുന്നമ്മേൽ ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാന്റ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 49600 | 0 | 49600 |
| | 194/20 വടക്കുംപുറം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 197400 | 0 | 197400 |
| | 223/20 വട്ടലിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 92196 | 0 | 92196 |
| | 195/20 മുളംകുന്ന് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 | 324544 | 75456 |
| | 107/20 കുന്നമ്മേൽ ടി.വി. കിയോസ്ക് ഗുരുമന്ദിരം പൈപ്പ് ലൈൻഎക്സ്റ്റൻഷൻ | 399300 | 321323 | 77977 |
| | 112/20 കാനാറാ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | 0 | 500000 |
| | 233/20 പുതിയകാവ് ചെവളമഠം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | 246884 | 53116 |
| | 234/20 അടയമൺ എൽ.പി.എസ്. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 30000 | 23042 | 6958 |
| KSEB | 106/20 ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 122829 | 122829 | 0 |

| | | | | |
|---|---|---|---|---|
| | 240/20 പറണ്ടക്കുഴി അംഗനവാടി വൈദ്യുതീകരണം | 30269 | 0 | 30269 |
| GWD | 188/20 മണലേത്തുപച്ച കുടിവെള്ള പദ്ധതി | 80580 | 0 | 80580 |
| | 199/20 വട്ടക്കൈത കുടിവെള്ള പദ്ധതി | 152130 | 0 | 152130 |

KWA വിനിയോഗസാക്ഷ്യപത്രം ലഭിച്ച 870806/-രൂപ ചെലവ് ഹെഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായപാ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ഉദ്ദ്യേശ്യം | ഉത്തരവ് നം./തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്)68/18 തീയതി.15.05.2018 | 47,51,483 | 21,60,000 | 7,50,000 | | 61,61,483 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 2-1 | 1,300 | S.V.Dental Clinic | 4119050101542 15.06.2019 |
| 2 | 2017-18 | 2-10 | 10,605 | ശ്രീ.ലാൽഡിങ്ക | 119050108291 10.03.2020 |

## 4-7 സമാഹത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(4) | 2005-06 | 2.2.1 | വി.ഇ.ഒ. നിർവ്വഹണഉദ്യോഗസ്ഥനായി നിർവ്വഹിച്ച 17,63,175/-രൂപയുടെ പദ്ധതി | പരാമർശം നില നിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ചെലവിൽ 13,13,000/- രൂപയുടെ ചെലവ് രേഖകളില്ല | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 8,50,64,619 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,94,14,646 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,15,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 3,15,000 | ഡോ. സുരേഷ് കുമാർ, വെറ്ററിനറി സർജൻ |
| 1-36 | 3,00,000 | ശ്രീ.സുജിത്.എസ്,അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുജിത്.എസ്,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത് | സുമി നിവാസ്,KNRA 338, പേട്ട, തിരുവനന്തപുരം |
| ഡോ. സുരേഷ് കുമാർ, വെറ്ററിനറി സർജൻ | | പൂയം, കിഴക്കനേല, പൂയപ്പള്ളി. കൊല്ലം. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 3 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 5 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 4 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 10 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 4 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 3 | |
| 2010-11& 2011-12 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2014-15 | എൽ.എഫ്.റ്റി.ഡി /ജി.പി.9 /1313/16 തീയതി 30.07.16 | 15 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി | 10 | |

| | | | |
|---|---|---|---|
| | 9/ 2128/16 തീയതി 15.12.2016 | | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/770/17 തീയതി 21.08.2017 | 20 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/464/19 തീയതി 30.11.2019 | 9 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി 9/2047/2019 തീയതി 14.01.2020 | 42 | |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്